

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ ജി.പി.13/2075/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 19/12/2025
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,

തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ ജി.പി.13/2075/25 തീയ്യതി: 19/12/2025

തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 44 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പ്രതാപ് കുമാർ. ആർ	ഡെപ്യൂട്ടി ഡയറക്ടർ	06-10-2025	16-10-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
06-10-2025	16-10-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജേഷ്.ആർ.എസ്.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശാലിനി വി. കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്വപ്ന എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.പി.വി.രാജേഷ്	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ.ഷിജുമോൻ.ഡി	സെക്രട്ടറി	01-04-2024	28-04-2024
ശ്രീ.സുനിൽ.പി	സെക്രട്ടറി	29-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി രശ്മി.പി.നായർ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	10-09-2024
ശ്രീ.ദിനാജ്.എം.എൽ	അസിസ്റ്റന്റ് എഞ്ചിനീയർ	11-09-2024	31-03-2025
ശ്രീമതി അൻസി.എ.ആർ	ഡയറിഫാം ഇൻസ്ട്രക്ടർ	01-04-2024	25-02-2025
ശ്രീ.വിനീത്.സി.എ	ഡയറിഫാം ഇൻസ്ട്രക്ടർ	26-02-2025	31-03-2025
ഡോ.ദീപു.ബി.എസ്	വെറ്റിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി ബിനി ജോസ്	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീ.മനോജ് കുമാർ.എം	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ഡോ.രാഖി വിജയൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	01-04-2024	31-03-2025
ശ്രീ.വനജ കുമാരി.വി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	31-03-2025
ഡോ.സൗമ്യ ശശിധരൻ നായർ	മെഡിക്കൽ ഓഫീസർ	01-04-2024	22-01-2025
ഡോ.വിദ്യ.ആർ	മെഡിക്കൽ ഓഫീസർ	23-01-2025	31-03-2025
ശ്രീമതി ചിത്ര.കെ.ആർ	വി.ഇ.ഒ ഗ്രേഡ് 1	01-04-2024	08-09-2024
ശ്രീ.വിജയ് ലാൽ	വി.ഇ.ഒ ഗ്രേഡ് 1	09-09-2024	31-03-2025
ശ്രീ.അജേഷ് സത്യൻ.എസ്	വി.ഇ.ഒ ഗ്രേഡ് 2	01-04-2024	31-03-2025
ശ്രീ. ഷിജു മോൻസി	സെക്രട്ടറി	01-04-2024	28-04-2024
ശ്രീ. സുനിൽ പി.	സെക്രട്ടറി	29-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, വാർഷിക അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രിക യ്ക്കാപ്പം സമർപ്പിച്ചിട്ടില്ല	1-1-1
3	തൻവർഷത്തെ വരവ് ചെലവ് കണക്കുകൾ ക്രമീകരിച്ച ബി-1 ഷെഡ്യൂൾ സമർപ്പിച്ചിട്ടില്ല	1-1-2
4	സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല	1-1-3
5	2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല	1-1-4
6	സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-5
7	പഞ്ചായത്ത് ദുരിതാശ്വാസ നിധി നീക്കിയിരിപ്പിൽ വ്യത്യാസം	1-1-6
8	വനം വികസന നിധി ഇനത്തിലെ തുക VAT ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു	1-1-7
9	ജേർണൽ എൻട്രിയിലെ തുകകളുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല	1-1-8
10	തൊഴിൽ നികുതി വരവ് - വാർഷിക ധനകാര്യ പത്രിക, രജിസ്റ്റർ എന്നിവ പൊരുത്തപ്പെടുന്നില്ല	1-1-9
11	ആസ്തി സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലിലെ തുകയും Capital Work In Progress ആയി ഉൾപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല	1-1-10
12	തനത് ഫണ്ട് വകയിരുത്തി നടപ്പിലാക്കിയ പദ്ധതിയുടെ ചെലവ് (4,30,583/- രൂപ) ബ്ലോക്ക്പഞ്ചായത്ത് വിഹിതത്തിന്റെ മുന്നിരിപ്പിൽ നിന്നും കുറവ് ചെയ്തു	1-1-11
13	ബജറ്റ്	1-2
14	സാമ്പത്തിക നില	1-3
15	ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ	1-4-1
16	ഗ്രാന്റ് വിനിയോഗം	1-4
17	പദ്ധതി അവലോകനം	1-5
18	ക്ഷേമപദ്ധതികൾ	1-6
19	ക്യാഷ് ബാലൻസ് പരിശോധന	1-7
20	ആഭ്യന്തര നിയന്ത്രണം	1-8
21	കരിക്കകം മൂന്നു തോട് റോഡ് കോൺക്രീറ്റ് വാർഡ് 4 - അപാകതകൾ	1-9-1
22	കൂവപ്പറമ്പ് കോണത്തു വിളാകത്തു റോഡ് കോൺക്രീറ്റ് വാർഡ് 4 - അപാകതകൾ	1-9-2
23	പാണ്ടിക്കുന്ന് മുണ്ടൻതടിക്കാട് റോഡ് കോൺക്രീറ്റ് വാർഡ് -5- അപാകതകൾ	1-9-3
24	കിണർ നിർമ്മാണം - അപാകതകൾ	1-9-4
25	തൊഴിലുറപ്പ് പദ്ധതി	1-9
26	മറ്റ് ഓഡിറ്റുകളുടെ വിവരം	1-10

27	ട്രേഡേഴ്സ് ലിസ്റ്റ് കാലികമല്ല	1-11
28	കെട്ടിടങ്ങളുടെ സഞ്ചയയിലെ ഉപയോഗക്രമവും ലൈസൻസ് നൽകിയ ഉപയോഗക്രമവും പൊരുത്തപ്പെടുന്നില്ല	1-12
29	കെ സ്മാർട്ട് പോർട്ടിംഗ് - കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി സഞ്ചയയിൽ പൂർത്തീകരിച്ചിട്ടില്ല	1-13
30	വസ്തു നികുതി പരിഷ്കരണം - ഡേറ്റാ കളക്ഷൻ സഞ്ചയ സോഫ്റ്റ് വെയറിൽ ചേർക്കുന്നത് പൂർത്തിയായില്ല	1-14
31	വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല	1-15
32	സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല	1-16
33	തൊഴിൽ നികുതി പുതുക്കിയ സ്ലാബിനനുസൃതമായി തുക ഈടാക്കിയില്ല	1-17
34	പാടശേഖരസമിതിക്ക് റിവോൾവിംഗ് ഫണ്ട് - നടത്തിപ്പിലെ അപാകങ്ങൾ	1-18
35	അഗ്രോ സർവ്വീസ് സെന്ററിലെ കാർഷിക സേവനങ്ങൾക്കുള്ള സബ്സിഡി - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല	1-19
36	ഹെൽത്ത് ഗ്രാന്റ് - അവലോകനം	1-20
37	വാല്യൂഷൻ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ചെലവ് തുക അനുവദിച്ചു - പ്രവൃത്തിയുടെ നിർമ്മാണം ഇതുവരെയും പൂർത്തീകരിച്ചിട്ടുമില്ല	1-21
38	ലൈഫ് ഭവന നിർമ്മാണം ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല	1-22
39	പ്രവൃത്തിയുടെ ഇൻഫർമേഷൻ ബോർഡുകൾ സ്ഥല പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല	1-23
40	തെരുവ് വിളക്ക് പരിപാലനം - അപാകതകൾ - 1,26,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-24
41	പഞ്ചായത്തിന്റെ പ്രധാന സ്ഥലങ്ങളിൽ മാലിന്യ നിക്ഷേപം തടയുന്നതിന് CCTV ക്യാമറ സ്ഥാപിക്കൽ - CCTV-കൾ പ്രവർത്തനക്ഷമമല്ല	1-25
42	സകർമ്മ മിനിട്സ് - സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല	1-26
43	ഒരേ പ്രവൃത്തിയ്ക്ക് രണ്ട് തവണ തുക നൽകി	1-27
44	എ.ഇ.യുടെ എസ്റ്റിമേറ്റ്, വാല്യൂവേഷൻ എന്നിവ ഇല്ലാതെ തുക ചെലവഴിച്ചു	1-28
45	അനുവദിച്ച കണക്കൂഡ് ലോഡിനേക്കാളും കൂടുതൽ കറണ്ട് ഉപയോഗിച്ചു - കെ.എസ്.ഇ.ബി. പിഴ ചുമത്തി	1-29
46	കർഷക ദിനം ചെലവ് - അനുബന്ധ രേഖയില്ല - 10,000/- രൂപ തടസ്സപ്പെടുത്തുന്നു	1-30
47	ജൽജീവൻ മിഷൻ പദ്ധതി - അവലോകനം	1-31
48	കരാർ/ ദിവസ വേതന ജീവനക്കാരുടെ നിയമനം	1-32
49	പാലിയേറ്റീവ് പരിചരണ പദ്ധതി - നൽകിയ മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമാക്കിയിട്ടില്ല - 992/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-33
50	മെൻസ്ട്രൽ കപ്പ് വിതരണം - വിതരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല	1-34
51	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി - മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമാക്കിയിട്ടില്ല -1,02,075/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-35

ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ്പ് വിശദാംശം	4-1
2	സംയുക്ത പ്രോജക്ട്	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 26.07.2025ലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 29.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ (2024-25) വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, വാർഷിക അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രിക യ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. വാർഷിക അനുപാതങ്ങൾ ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ ലഭ്യമല്ലാത്തതിനാലാണ്

സമർപ്പിക്കാത്തതെന്ന് ഓഡിറ്റ് എൻകൗയറി 07 /24-25 08.10.2025 ക്ക് മറുപടി നൽകി. അക്കൗണ്ടിംഗ് ചട്ടങ്ങൾക്കനുസൃതമായി രേഖകൾ സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-1-2 തൻവർഷത്തെ വരവ് ചെലവ് കണക്കുകൾ ക്രമീകരിച്ച ബി-1 ഷെഡ്യൂൾ സമർപ്പിച്ചിട്ടില്ല

തൻവർഷത്തെ വരവ് ചെലവ് കണക്കുകൾ ക്രമീകരിച്ച ബി-1 ഷെഡ്യൂൾ വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിക്കാത്തതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൗയറി 07 /24-25, 08.10.2025 ക്ക് ഐ. എൽ. ജി.എം.എസ് സോഫ്റ്റ്വെയറിൽ ലഭ്യമല്ലാത്തതിനാലാണ് സമർപ്പിക്കാത്തതെന്ന് മറുപടി നൽകി. അക്കൗണ്ടിംഗ് ചട്ടങ്ങൾക്കനുസൃതമായി രേഖകൾ സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിൽ പ്രതിമാസം ഡിമാന്റ് ചെയ്തിട്ടില്ല. 2023-24 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി
110100101	Property Tax On Residential Buildings	42401302/31.03.2025
110100102	Property Tax On Non Residential	42401303/31.03.2025

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൗയറി 07 /24-25, 08.10.2025 ക്ക് ഡിമാന്റ് എൻട്രി ചെയ്യാൻ ഐ.എൽ.ജി.എം.എസ് സോഫ്റ്റ്വെയറിൽ സാധിക്കില്ല എന്നറിയിച്ചു. അക്രുവൽ ചെയ്യുന്ന വരുമാനങ്ങളുടെ ജേർണലുകൾ യഥാസമയം രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ അക്കൗണ്ടിംഗ് ചട്ടങ്ങളിലെ നിബന്ധനകൾക്കനുസൃതമായി രേഖകൾ തയ്യാറാക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-1-4 2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 58(4)(A) പ്രകാരം എല്ലാ വർഷാവസാനവും സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി മൂല്യം തിട്ടപ്പെടുത്തേണ്ടതാണ്. എന്നാൽ 2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂൾ പ്രകാരം തുകയില്ല. എന്നാൽ തൻ വർഷം വിവിധ പദ്ധതികളിലായി വാങ്ങലുകൾ ഉണ്ട്. ആയതിന്റെ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൗയറി നം. 07/08.10.2025 ന് ഐ.എൽ.ജി.എം.എസ് സോഫ്റ്റ്വെയറിൽ സ്റ്റോക്ക് മൂല്യനിർണയം നടത്തുവാൻ കഴിയില്ല എന്നറിയിച്ചു. ഐ.കെ. എം നെ അറിയിച്ച് അപാകം പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-1-5 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി 2024 മാർച്ചിലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ പ്രൊവിഷൻ രേഖപ്പെടുത്താത്തതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൗയറി നം.07/തീ.08.10.2025 ന് ശമ്പളം ഒഴികെ മറ്റുള്ളവ ലയബിലിറ്റി ഇനത്തിൽ ഉൾപ്പെടുത്തുന്നതിന് പ്രൊവിഷൻ ലഭ്യമല്ലായെന്നറിയിച്ചു. അവ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-6 പഞ്ചായത്ത് ദുരിതാശ്വാസ നിധി നീക്കിയിരിപ്പിൽ വ്യത്യാസം

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-2 ഷെഡ്യൂൾ പ്രകാരം പഞ്ചായത്ത് ഡിസ്ട്രസ് റിലീഫ് ഫണ്ട് ഇനത്തിൽ 1,30,565/-രൂപ നീക്കിയിരിപ്പാണുള്ളത്. എന്നാൽ RP-40(B) B-17 എന്നീ ഷെഡ്യൂളുകൾ പ്രകാരം കാനറ ബാങ്ക് (1100140035032) അക്കൗണ്ട് പ്രകാരം 1,50,869/- രൂപയാണ് നീക്കിയിരിപ്പ്. വ്യത്യാസത്തിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറി നം. 07/08.10.2025 ന് വിശദീകരണം ലഭ്യമാക്കിയില്ല. അപാകം പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-1-7 വനം വികസന നിധി ഇനത്തിലെ തുക VAT ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു

B-9 ഷെഡ്യൂൾ പ്രകാരം 350300103 Government And Other Dues Payable- Value Added Tax ഇനത്തിൽ 2,550/- രൂപ ബാധ്യത ഉള്ളതായി കാണുന്നു. പ്രസ്തുത തുക ഒടുക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറി 07/24-25, 08.10.2025 ന് പ്രസ്തുത തുക വനം വികസന നിധി ഇനത്തിൽ ഒടുക്കാൻ അവശേഷിക്കുന്നതാണെന്ന് അറിയിച്ചു. തുക ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-1-8 ജേർണൽ എൻട്രിയിലെ തുകകളുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

I) Central Finance Commission Grant (Tied), 320200113 എന്ന ഹെഡ്കോഡ് പരിശോധിച്ചതിൽ 59,412/- രൂപ Utilised Portion Not Adjusted In Previous Years Corrected എന്ന Narration- ൽ ഉൾപ്പെടുത്തി Prior Period Income - Other Incomes ൽ ജേർണൽ എൻട്രി ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

Ii) Central Finance Commission Grant Basic 320200104 എന്ന ഹെഡ്കോഡ് പരിശോധിച്ചതിൽ 11,62,279/- രൂപ Utilised In Previous Years Corrected ൽ ഉൾപ്പെടുത്തി Prior Period Income - Other Incomes ൽ ജേർണൽ എൻട്രി ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകവയറി (09 /24-25, 09.10.2025)ക്ക് മുൻ വർഷങ്ങളിൽ യൂട്ടിലൈസ്ഡ് പോർഷൻ ആയി ജേർണൽ എൻട്രിയിൽ കുറവ് വന്ന തുകകൾ 2024-25 വർഷം കറക്ഷൻ വരുത്തിയതാണ് പ്രസ്തുത തുകകൾ എന്ന് മറുപടി നൽകി. എന്നാൽ പ്രസ്തുത തുകകൾ ഏതൊക്കെ പദ്ധതികൾക്കായി ചെലവഴിച്ചതാണെന്നോ, തുകയുടെ വിശദാംശമോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-9 തൊഴിൽ നികുതി വരവ് - വാർഷിക ധനകാര്യ പത്രിക, രജിസ്റ്റർ എന്നിവ പൊരുത്തപ്പെടുന്നില്ല

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ 2024-25 വർഷത്തെ വരവ് 5,78,848/- രൂപയാണ്. എന്നാൽ 2024-25 ലെ വാർഷിക ധനകാര്യ പത്രിക RP -1 ഷെഡ്യൂളിൽ പ്രസ്തുത ഇനത്തിലെ വരവ് 5,85,348/- രൂപയാണ് വ്യത്യാസത്തിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറി (13/24-25,10.10.2025)ക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കേണ്ടതും ഭാവിയിൽ അവ ഒഴിവാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-1-10 ആസ്തി സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലിലെ തുകയും Capital Work In Progress ആയി ഉൾപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക B-11 (B) ഷെഡ്യൂൾ പ്രകാരം Capital Work In Progress 36,35,361/-എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ Part Bill സംബന്ധിച്ച് എ.ഇ യുടെ റിപ്പോർട്ട് പ്രകാരം 47,31,114/-രൂപയുടെ പ്രവൃത്തിയാണ് Capital Work In Progress ഇനത്തിൽ ഉള്ളത്. ഇത്തരത്തിൽ വ്യത്യാസം വരുവാനുണ്ടായ സാഹചര്യം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറി (48/24-25,16.10.2025)ക്ക് മറുപടി ലഭ്യമാക്കിയില്ല.

1-1-11 തനത് ഫണ്ട് വകയിരുത്തി നടപ്പിലാക്കിയ പദ്ധതിയുടെ ചെലവ് (4,30,583/- രൂപ) ബ്ലോക്ക്പഞ്ചായത്ത് വിഹിതത്തിന്റെ മുന്നിരിപ്പിൽ നിന്നും കുറവ് ചെയ്തു

2023-24 വാർഷിക ധനകാര്യ പത്രിക B-4 ഷെഡ്യൂൾ ഹെഡ്കോഡ് 320700104 Contributions For Joint Venture Projects(For Capital Expenditure) Block Panchayath വിഹിതം ഇനത്തിൽ 5,00,000/- രൂപയുടെ മുന്നിരിപ്പുണ്ട്. 2024-25 ലെ B-4 ഷെഡ്യൂൾ പ്രകാരം ഈയിനത്തിലെ നീക്കിയിരുപ്പ് 69,417/- രൂപയാണ്. 4,30,583/- രൂപയുടെ വ്യത്യാസം. ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ പ്രസ്തുത ലെഡ്ജർ പരിശോധിച്ചതിൽ ഹെഡ് കറക്ഷൻ എന്ന് രേഖപ്പെടുത്തി പ്രസ്തുത തുക (4,30,583/- രൂപ) ഡെബിറ്റ് ചെയ്തിരിക്കുന്നു. ചെലവിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി (നം. 07/24-25, 08.10.2025) ക്ക് 2023-2024 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയ വട്ടത്തിപ്പള്ളി വെള്ളുമണ്ണടി റോഡ് കോൺക്രീറ്റ് പ്രവൃത്തി പൂർത്തീകരിച്ച വേളയിൽ 4,30,583/- രൂപയ്ക്ക് റിക്യുസിഷൻ നൽകിയപ്പോൾ സാംഖ്യ വെബ്സൈറ്റിൽ 'എറർ' കാണിക്കുകയും റിക്യുസിഷൻ അയക്കാൻ കഴിയാതെ വരുകയും ചെയ്തുവെന്നും തുടർന്ന് ടി പ്രോജെക്ട് റിവൈസ് ചെയ്യുകയും 2024-25 സാമ്പത്തികവർഷം തനത് ഫണ്ടിൽ നിന്നും 5,00,000/- രൂപ അടങ്കൽ വയ്ക്കുകയും 4,30,583/- രൂപ ചെലവ് ചെയ്തതായും അറിയിച്ചു. എന്നാൽ 2024-25 വർഷം തനത് ഫണ്ട് വകയിരുത്തി ചെലവ് ചെയ്ത പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം കുറവ് ചെയ്യാനിടയായ സാഹചര്യം വ്യക്തമല്ല. പ്രോജക്ട് റിവൈസ് ചെയ്ത സാഹചര്യത്തിൽ ബ്ലോക്ക് വിഹിതം അടങ്കൽ ആയി വകയിരുത്താത്തതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്.

1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു

	ബജറ്റ്	റിവൈസ്ഡ് ബജറ്റ്
പാസ്സാക്കിയ തീയതി	14.02.2024	29.03.2025
ഭരണസമിതി തീരുമാനം	1(1)	1(1)
മുന്നിരിപ്പ്	₹ 52,16,147/-	₹ 75,90,048/-
പ്രതീക്ഷിത വരവ്	₹ 40,95,81,250/-	₹ 41,37,84,628/-
ആകെ	₹ 41,47,97,397/-	₹ 42,13,74,676/-
പ്രതീക്ഷിത ചെലവ്	₹ 41,23,62,131/-	₹ 41,65,96,474/-
നീക്കിയിരിപ്പ്	₹ 24,35,266/-	₹ 47,78,202/-

1-3 സാമ്പത്തിക നില

റസീറ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം

മുന്നിരിപ്പ്	₹ 4,30,77,744.30/-
ഓഡിറ്റ് വർഷത്തെ വരവ്	₹ 4,52,51,877/-
ആകെ	₹ 8,83,29,621.30/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹ 5,55,38,648/-
നീക്കിയിരിപ്പ്	₹ 3,27,90,973.30/-

1-4-1 ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ

ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

1) ഗ്രാമ പഞ്ചായത്തിലെ 2024-25 വർഷത്തെ മേഖല അടിസ്ഥാനത്തിലെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

മേഖല	വിഭാഗം	അടങ്കൽ (രൂ.) (മറ്റുള്ളവ ഒഴികെ)	ചെലവ് (രൂ.) (മറ്റുള്ളവ ഒഴികെ)	ചെലവ് %
ഉല്പാദനം	പൊതുവിഭാഗം	84,00,159	59,45,795	70.78
	പട്ടിക ജാതി	7,65,000	22,500	2.94
	പട്ടിക വർഗം	1,09,000	26,000	23.85

സേവനം	പൊതുവിഭാഗം	10,61,65,987	3,71,03,625	34.94
	പട്ടിക ജാതി	2,74,86,036	76,99,191	28.01
	പട്ടിക വർഗം	34,141	25,041	73.34
പശ്ചാത്തലം	പൊതുവിഭാഗം	1,79,95,302	1,45,28,128	80.73
	പട്ടിക ജാതി	34,48,081	15,83,487	45.92

വിവിധ മേഖലകളിൽ വകയിരുത്തിയ തുക ചെലവ് ചെയ്തതിൽ കുറവ് വന്നതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി(23/2024-25,13.10.2025)ക്ക് എല്ലാ ഫണ്ടുകളും ഉൾപ്പെടുത്തി കണക്കാക്കിയതിനാലാണ് ചെലവിൽ കുറവ് വന്നതെന്നറിയിച്ചു. മറുപടി അംഗീകരിക്കാവുന്നതല്ല. വകയിരുത്തുന്ന തുക ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2) സ.ഉ(കൈ)നം.84/2022/തസ്വഭവ/തീ. 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമ പഞ്ചായത്തുകൾ പൊതു വിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി. എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിത ഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമ പഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5% തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. എന്നാൽ വിവിധ വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

വിഭാഗം	വകയിരുത്തേണ്ട കുറഞ്ഞ തുക	**അടങ്കൽ (രൂ.) (മറ്റുള്ളവ ഒഴികെ)**	**ചെലവ് (രൂ.) (മറ്റുള്ളവ ഒഴികെ)**	**ചെലവ് %**
വനിത ഘടക പദ്ധതി	22,78,840	28,84,750	17,58,406	60.95
കുട്ടികൾ, ഭിന്നശേഷിയുള്ളവർ	11,39,420	20,50,877	8,89,902	43.39

3) സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ. ഉ (അ) 07/2017/ ധന പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നു. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/ 2018/ധന./തീ. 24.01.2019-ലെ സ.ഉ (അ) 7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 30.09.2021-ലെ 86/2021/ഫിൻ. സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്നും നിർദ്ദേശിച്ചിരുന്നു. തുടർന്ന് ധനകാര്യ വകുപ്പിന്റെ 26.05.2022-ലെ 41/2022/ഫിൻ. നമ്പർ സർക്കുലർ പ്രകാരം 2022-23 വർഷം മുതൽ അലോട്ട്മെന്റ് രീതി പുന:സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെ പറയുന്ന തുകകൾ 2024-25 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. ആയതിന്റെ കാരണം ഓഡിറ്റ് എൻകയറി മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിശദാംശം ലഭ്യമാക്കേണ്ടതാണ്. 2024-25 വർഷത്തെ നീക്കിയിരിപ്പ് വിവരം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	**ഇനം**	**തുക (രൂ.)**

320700204	Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats	11,21,474
320700205	Contributions For Joint Venture Projects (For Revenue Expenditure) -From District Panchayats	59,622
320700104	Contributions For Other Specific Purposes (For Revenue Expenditure)-From Block Panchayats	69,417

4) ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിൽ 15,207/- രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നു. തുകകൾ പൂർണ്ണമായും ചെലവഴിക്കാത്തതിന്റെ കാരണം ഓഡിറ്റ് എൻകൗയറി മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിശദാംശം ലഭ്യമാക്കേണ്ടതാണ്.

5) 2023-24, 2024-25 എന്നീ വാർഷിക ധനകാര്യ പത്രികകളിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം Donations To CMDRF- 16,000/-; Donations Related To Pandemic/ Epidemic Control – 2,67,161/- എന്നീ തുകകൾ നിലനിൽക്കുന്നതായി കാണുന്നു. പ്രസ്തുത തുകകൾ സൂക്ഷിച്ചിട്ടുള്ള അക്കൗണ്ടിന്റെ വിശദാംശം, തുകകൾ പൂർണ്ണമായും ചെലവഴിക്കാത്തതിന്റെ കാരണം എന്നിവ ഓഡിറ്റ് എൻകൗയറി മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിശദാംശം ലഭ്യമാക്കേണ്ടതാണ്.

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ഗ്രാന്റ്	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
വികസനഫണ്ട് (ജനറൽ)	0	1,33,53,061	1,33,53,061	1,94,78,000	-61,24,939
വികസനഫണ്ട് (എസ്.സി.പി)	0	43,64,163	43,64,163	70,97,000	-27,32,837
വികസനഫണ്ട് (റ്റി.എസ്.പി)	0	94,259	94,259	51,041	43,218
വികസനഫണ്ട് (CFC Tied)	0	83,03,223	83,03,223	32,58,319	50,44,904
വികസനഫണ്ട് (CFC Untied)	0	35,23,478	35,23,478	26,80,522	8,42,956
മെയിന്റനൻസ് ഫണ്ട് (റോഡിതരം)	0	95,72,000	95,72,000	85,23,776	10,48,224
മെയിന്റനൻസ് ഫണ്ട് (റോഡ്)	0	87,67,017	87,67,017	73,43,000	14,24,017
സി എസ് എസ്	0	0	0	16,94,432	-16,94,432
എസ് എസ്എസ്	0	0	0	66,00,000	-66,00,000

*വികസന ഫണ്ട് ജനറൽ, എസ്.സി.പി. വിഹിതങ്ങളിലെ സോഴ്സ് ഡിഡക്ഷൻ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിട്ടില്ല.

* കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺടൈഡ് ഇനങ്ങളിലെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല.

* കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാന ആവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

1-5 പദ്ധതി അവലോകനം

2024-25 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ)

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (₹)	ആകെ പദ്ധതി ചെലവ് (₹) (മറ്റുള്ളവ ഒഴികെ)	ചെലവ് ശതമാനം
ഐ സി ഡി എസ്	25	20	5	61,48,557	45,10,090	73
ഗ്രാമ പഞ്ചായത്ത് സെക്രട്ടറി	38	22	16	1,52,34,285	1,23,58,878	81.1
മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ	25	18	7	72,84,774	50,00,782	68.6
അസിസ്റ്റന്റ് എഞ്ചിനീയർ	102	74	28	4,01,99,182	2,49,47,956	62
മെഡിക്കൽ ഓഫീസർ,ആയുർവേദം	5	5	0	10,75,000	10,75,000	100
കൃഷി ഓഫീസർ	18	17	1	28,42,523	21,13,836	74
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	3	3	0	24,04,761	9,41,676	39
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I	11	8	3	1,02,54,226	18,41,887	18
സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	2	1	1	96,000	48,000	50
വെറ്ററിനറി സർജ്ജൻ	13	12	1	34,82,461	27,61,556	79
ഹെഡ്മാസ്റ്റർ	12	8	1	23,41,300	10,96,698	47
അസിസ്റ്റന്റ് സെക്രട്ടറി	13	12	1	22,98,637	12,57,408	55
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II	7	3	4	7,07,42,000	89,80,000	12.69

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക (₹)	ചെലവ് തുക (₹)	ശതമാനം
പൊതുവിഭാഗം (ജനറൽ)	3,02,08,803	1,94,78,000	64.4
എസ്.സി.പി.	1,12,31,398	70,97,000	63.18
ടി.എസ്.പി.	1,34,141	51,041	38.05
ധനകാര്യ കമ്മിഷൻ അവാർഡ്	1,17,26,237	59,38,841	50.6
കേന്ദ്രാവിഷ്കൃത ഫണ്ട്	1,14,65,387	16,94,432	14.7
സംസ്ഥാനാവിഷ്കൃത ഫണ്ട്	3,56,09,720	66,00,000	18.5
തനത് ഫണ്ട്	35,96,917	25,56,835	71
മറ്റ് ബ്ലോക്ക് പഞ്ചായത്ത്	1,67,96,179	21,49,175	12.7
മറ്റ് ജില്ലാ പഞ്ചായത്ത്	1,67,32,970	12,54,729	7.4
മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്	1,12,52,560	85,23,776	75.74
മെയിന്റനൻസ്ഗ്രാന്റ് റോഡ്	85,73,017	73,43,000	85.6
മറ്റുള്ളവ	7,73,22,706	93,78,233	12

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മാർഗ്ഗരേഖ 3.5.6.3 (എ) (1) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജന

സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. 2024-25 ൽ ഇപ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 47 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

Corporate Social Responsibility Fund

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാക്കിയതു സംബന്ധിച്ച രേഖകൾ പരിശോധനയക്ക് ലഭ്യമാക്കിയില്ല.

ആസ്തി സംരക്ഷണം

മാർഗ്ഗരേഖ 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1-6 ക്ഷേമപദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	46,97,400	266
വിധവാ പെൻഷൻ	1,96,26,000	1300
വാർദ്ധക്യകാലപെൻഷൻ	3,56,99,000	2494
വികലാംഗപെൻഷൻ	46,02,000	291
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	3,64,000	24

1-7 ക്യാഷ് ബാലൻസ് പരിശോധന

2024-25വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരം 14.10.2025 തീയ്യതിയിൽ 02.50 Pm സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ ക്യാഷ് ബാലൻസ് പരിശോധനയിൽ രണ്ടായിരത്തി അഞ്ഞൂറ് രൂപ (2,500/-) യുടെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിലൂടെ താഴെ പറയുന്ന വിഷയങ്ങളിലെ അപാകം പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

1. എല്ലാ മാസവും ഓഫീസ് മീറ്റിംഗ് വിളിച്ച് കൂട്ടേണ്ടതും, പ്രതിമാസ ഫയൽ തീർപ്പാക്കാൻ പരിശോധിക്കേണ്ടതുമാണ്.
2. വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അപാകങ്ങൾ ഒഴിവാക്കുന്നതിന് കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.
3. പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന്റെ വിവരം എഴുതി സൂക്ഷിക്കുന്ന വാച്ച് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.
4. ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. മരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട എല്ലാ രേഖകളും പ്രൈസ് സോഫ്റ്റ്വെയറിൽ കൃത്യമായി അപ് ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. ട്രേഡേഴ്സ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
7. ലൈഫ് ഭവനനിർമ്മാണം കരാർവെച്ച് അഡ്വാൻസ് കൈപ്പറ്റിയവരുടെ തുടർപ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.
8. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തികളുമായി ബന്ധപ്പെട്ട സാധനസാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നതിനും, മറ്റ് അപാകങ്ങൾ ഒഴിവാക്കുന്നതിനും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.
9. ചട്ടത്തിൽ അനുശാസിക്കുന്ന സമയക്രമത്തിൽ ഗ്രാമസഭകൾ കൂടേണ്ടതാണ്.
10. പഞ്ചായത്ത് കമ്മിറ്റി മിനുട്ട് ചട്ടത്തിൽ അനുശാസിക്കുന്ന സമയക്രമത്തിൽ പൂർത്തീകരിക്കേണ്ടതാണ്.

1-9-1 കരിക്കകം മൂന്നു തോട് റോഡ് കോൺക്രീറ്റ് വാർഡ് 4 - അപാകതകൾ

പ്രവൃത്തിയുടെ പേര്	കരിക്കകം മൂന്നു തോട് റോഡ് കോൺക്രീറ്റ് വാർഡ് 4
വർക്ക് കോഡ്	RC/395042
Mbook No.	189/23-24
Agreement No	189/5-1/Mnregs/23-24/7.2.2024
കരാറുകാരൻ	ശ്രീ. ശശീന്ദ്രൻ നായർ

1. സ.ഉ(കൈ)നം.93/2012/Lsgd Dated 31.03.2012 പ്രകാരം മേറ്റ് കൈപ്പറ്റുന്ന സാധനസാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും പ്രവൃത്തികളുടെ ആവശ്യാനുസരണം വിതരണം ചെയ്യുന്നുണ്ടെന്നും പ്രസ്തുത വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെന്നും എഞ്ചിനീയർ ഉറപ്പാക്കേണ്ടതാണ്. അപ്രകാരം സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നം. 32ന് ഓരോ പ്രവൃത്തിയുടെയും മെറ്റീരിയൽ സ്റ്റോക്കിന്റെ രസീതിന്റെ പകർപ്പ് ഫയലിൽ ലഭ്യമാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത മറുപടിയിൽ പരാമർശിക്കുന്ന മെറ്റീരിയൽ സ്റ്റോക്ക് മേറ്റ് സാമഗ്രികൾ കൈപ്പറ്റുന്ന മെറ്റീരിയൽ സ്റ്റോക്കാണ്. സ.ഉ(കൈ)നം.93/2012/Lsgd Dated 31.03.2012 പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. മെറ്റീരിയൽ ഇനത്തിൽ ബിൽ നം. 1/20.02.2025-1,07,411.8/-, 2/20.02.205-1,35,372.29/-, 3/20.02.2025-1,48,944.03/- എന്നിങ്ങനെ ആകെ 3,91,728.18 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ എം. ബുക്ക് പേജ് നം, 14 ബിൽ പാർട്ടിൽ കരാറുകാരന് മെറ്റീരിയൽ ഇനത്തിൽ നൽകാനുള്ള തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് 3,92,225.9 രൂപയാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള ടെണ്ടർ ഷെഡ്യൂൾ പ്രകാരം Single Clip ന് ശ്രീ. ശശീന്ദ്രൻ നായർ കാട്ട് ചെയ്തിരിക്കുന്ന നിരക്ക് 124.740 രൂപയാണ്. പ്രസ്തുത ഇനത്തിന് 1,424.74 രൂപ നിരക്കിലാണ് എം. ബുക്ക് പേജ് നം. 13 ൽ തുക കണക്കാക്കി കരാറുകാരന് നൽകിയിരിക്കുന്നത്. വിശദാംശം ചുവടെ

എം. ബുക്ക് പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന അളവ്	നിരക്ക്	നൽകിയ തുക	'ടെണ്ടർ നിരക്ക്	നൽകേണ്ട തുക	അധികമായി നൽകിയ തുക
0.6185	1424.74 Per Each	881.2017	124.740each	77.15	804.05

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നം. 32 ന് എം.ഐ.എസിൽ മെറ്റീരിയൽ എൻട്രി ചെയ്യുമ്പോൾ ദശാംശത്തിന് ശേഷം രണ്ട് അക്കങ്ങൾ മാത്രമേ രേഖപ്പെടുത്താൻ കഴിയുകയുള്ളുവെന്നും ആ വ്യത്യാസമാണ് എം.ബുക്കിലെ രേഖപ്പെടുത്തലിനും എം.ഐ.എസിലെ രേഖപ്പെടുത്തലിനും തമ്മിലുള്ള വ്യത്യാസത്തിന് കാരണമെന്നും സിംഗിൾ ക്ലിപ്പിന് വെണ്ടർ കാട്ട് ചെയ്തിരിക്കുന്നത് 124.740 രൂപയാണെന്നും എന്നാൽ ബിൽ തയ്യാറാക്കുന്ന വേളയിൽ തെറ്റായി രേഖപ്പെടുത്തുകയാണുണ്ടായതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. Single Clip ഒരെണ്ണത്തിന് ശ്രീ.ശശീന്ദ്രൻ നായർ 124.740 രൂപ മാത്രം കാട്ട് ചെയ്തിരിക്കെ 1424.74 രൂപ നിരക്കിൽ നൽകിയത് അംഗീകരിക്കാവുന്നതല്ല. അധികമായി നൽകിയ 804.05 രൂപ കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. എം. ബുക്കിന്റെ മെഷർമെന്റ് പാർട്ടിൽ അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 06.02.2025 ലാണ്. എം.ബുക്കിൽ പേജ് നം. 7 ൽ First And Final Bill എന്ന് രേഖപ്പെടുത്തി ബിൽ പാർട്ട് തയ്യാറാക്കിയിരിക്കുന്നത് 08.02.2025 ലാണ്. മസ്റ്റർ റോൾ നം. 52674 ൽ(Unskilled Labour) പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നത് 05.02.2025 മുതൽ 11.02.2025 വരെയാണ്. മസ്റ്റർ റോൾ നം. 59768 പ്രകാരം (Skilled/ Semi Skilled Labour) പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നത് 06.03.2025 മുതൽ 12.03.2025 വരെയാണ്. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ ഖണ്ഡിക 7.12.5 പ്രകാരം ഒരു പ്രവൃത്തിയുടെ ഓരോ മസ്റ്റർ കാലയളവിനും, മസ്റ്റർ റോൾ ക്ലോസ് ചെയ്ത് 3 ദിവസത്തിനകം അളവെടുത്ത് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ടെന്നിരിക്കെ മസ്റ്റർ റോൾ പ്രകാരം പ്രവൃത്തി നിർവ്വഹിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന തീയതിയ്ക്കു മുൻപ് എപ്രകാരമാണ് എം.ബുക്കിൽ മെഷർമെന്റ് രേഖപ്പെടുത്തിയതെന്ന് ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 32/ 13.10.2025ന് പ്രസ്തുത പ്രവൃത്തിയുടെ എം.ബുക്കിൽ തീയതി രേഖപ്പെടുത്തിയതിൽ ഉണ്ടായ പിഴവാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എം.ബുക്കിലെ അളവുകൾക്കനുസൃതമായാണ് തുക ചെലവ് ചെയ്യേണ്ടതെന്നിരിക്കെ

ക്ലറിക്കൽ പിഴവ് മൂലമാണ് അപ്രകാരം സംഭവിച്ചതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

1-9-2 കൂവപ്പറമ്പ് കോണത്തു വിളാകത്തു റോഡ് കോൺക്രീറ്റ് വാർഡ് 4 - അപാകതകൾ

പ്രവൃത്തിയുടെ പേര്	കൂവപ്പറമ്പ് കോണത്തു വിളാകത്തു റോഡ് കോൺക്രീറ്റ് വാർഡ് 4
വർക്ക് കോഡ്	RC/395044
Mbook No.	186/23-24
Agreement No	186/C-1/Mnregs/23-24/7.2.2024
കരാറുകാരൻ	ശ്രീ. ഷിബു കുമാർ

1. സ.ഉ(കൈ)നം.93/2012/Lsgd Dated 31.03.2012 പ്രകാരം സാധനസാമഗ്രികളുടെ സംഭരണം സംബന്ധിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം വിതരണക്കാരൻ സ്റ്റാക്ക് ചെയ്ത മെറ്റീരിയൽ സംബന്ധിച്ച രേഖപ്പെടുത്തൽ എം.ബുക്കിൽ വരുത്തിയിട്ടില്ല. മെറ്റീരിയൽ സ്റ്റാക്ക് ചെയ്തതുമായി ബന്ധപ്പെട്ട രേഖപ്പെടുത്തൽ എം.ബുക്കിൽ രേഖപ്പെടുത്താൻ വിട്ടു പോയത് അപാകതയാണെന്നും ബിൽ പാർട്ടിൽ മെറ്റീരിയൽ ഘടകത്തിൽ ആയത് ഉൾപ്പെടുത്തിയിട്ടുണ്ടെന്നുമാണ് ഇത് സംബന്ധിച്ചഓഡിറ്റ് എൻകൗയറി നം. 26/13.10.2025 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

2. മേൽ ഉത്തരവ് പ്രകാരം മേറ്റ് കൈപ്പറ്റുന്ന സാധനസാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും പ്രവൃത്തികളുടെ ആവശ്യാനുസരണം വിതരണം ചെയ്യുന്നുണ്ടെന്നും പ്രസ്തുത വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെന്നും എഞ്ചിനീയർ ഉറപ്പാക്കേണ്ടതാണ്. അപ്രകാരം സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകൗയറി നം. 26 ന് ഓരോ പ്രവൃത്തിയുടെയും മെറ്റീരിയൽ സ്റ്റോക്കിന്റെ രസീതിന്റെ പകർപ്പ് ഫയലിൽ ലഭ്യമാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത മറുപടിയിൽ പരാമർശിക്കുന്ന മെറ്റീരിയൽ സ്റ്റോക്ക് മേറ്റ് സാമഗ്രികൾ കൈപ്പറ്റുന്ന മെറ്റീരിയൽ സ്റ്റോക്കാണ്. സ.ഉ(കൈ)നം. 93/2012/Lsgd Dated 31.03.2012 പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള അനുബന്ധം V പ്രകാരം സാധനങ്ങൾ ഏറ്റു വാങ്ങി മേറ്റ് എഞ്ചിനീയർക്ക് നൽകിയ കൈപ്പറ്റ് രസീത് പ്രകാരം Coarse Sand (Zone 3) യുടെ അളവ് 24.6 M^3 ആണ്. അനുബന്ധം Vi പ്രകാരം മേറ്റ് സൂക്ഷിക്കേണ്ട സ്റ്റോക്ക് രജിസ്റ്റർ പ്രകാരവും മേൽ ഇനത്തിന്റെ അളവ് 24.6 M^3 ആണ്. എന്നാൽ എം. ബുക്ക് പേജ് നം. 10 പ്രകാരം ബിൽ പാർട്ടിൽ Coarse Sand (Zone 3) യുടെ അളവ് 25.16475 M^3 ആയി കണക്കാക്കിയാണ് തുക കരാറുകാരന് നൽകിയിരിക്കുന്നത്. വിശദാംശം ചുവടെ

എം. ബുക്ക് പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന അളവ്	നിരക്ക്	നൽകിയ തുക (₹)	അനുബന്ധം V പ്രകാരമുള്ള അളവ്	നിരക്ക്	നൽകേണ്ട തുക (₹)	അധികമായി നൽകിയ തുക (₹)
25.16475 M^3	3675/M^3	92,480.46	24.6M^3	3675/M^3	90,405	2,075.46

മെറ്റീരിയൽ സ്റ്റാക്ക് ചെയ്തപ്പോൾ അളവ് രേഖപ്പെടുത്തുന്നതിലുണ്ടായ ക്ലറിക്കൽ പിഴവാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതാണ് ശരിയായ അളവെന്നാണ് മറുപടി. എന്നാൽ മേറ്റ് സാധന സാമഗ്രികൾ കൈപ്പറ്റിയപ്പോൾ രേഖപ്പെടുത്തിയ അളവും, എം ബുക്കിൽ രേഖപ്പെടുത്തിയ അളവും വ്യത്യാസപ്പെട്ടതിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

1-9-3 പാണ്ടിക്കുന്ന് മുണ്ടൻതടിക്കാട് റോഡ് കോൺക്രീറ്റ് വാർഡ് -5- അപാകതകൾ

പ്രവൃത്തിയുടെ പേര്	പാണ്ടിക്കുന്ന് മുണ്ടൻതടിക്കാട് റോഡ് കോൺക്രീറ്റ് വാർഡ് -5
വർക്ക് കോഡ്	RC/395044

Mbook No.	190/23-24
Agreement No	190/54/Mnregs/23-24/7.2.2024
കരാറുകാരൻ	ശ്രീ. ഷിബു കുമാർ എം

1. സ.ഉ(കൈ)നം. 93/2012/Lsgd Dated 31.03.2012 പ്രകാരം മേറ്റ് കൈപ്പറ്റുന്ന സാധനസാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും പ്രവൃത്തികളുടെ ആവശ്യാനുസരണം വിതരണം ചെയ്യുന്നുണ്ടെന്നും പ്രസ്തുത വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെന്നും എഞ്ചിനീയർ ഉറപ്പാക്കേണ്ടതാണ്. അപ്രകാരം സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നം. 36ന് ഓരോ പ്രവൃത്തിയുടെയും മെറ്റീരിയൽ സ്റ്റോക്കിന്റെ രസീതിന്റെ പകർപ്പ് ഫയലിൽ ലഭ്യമാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത മറുപടിയിൽ പരാമർശിക്കുന്ന മെറ്റീരിയൽ സ്റ്റോക്ക് മേറ്റ് സാമഗ്രികൾ കൈപ്പറ്റുന്ന മെറ്റീരിയൽ സ്റ്റോക്കാണ്. സ.ഉ(കൈ)നം. 93/2012/Lsgd Dated 31.03.2012 പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. എം. ബുക്കിന്റെ മെഷർമെന്റ് പാർട്ടിൽ അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 18.06.2024 ലാണ്. ഓവർസിയറും എ.ഇയും ചെക്ക് മെഷർ ചെയ്ത തീയതി രേഖപ്പെടുത്തിയിരിക്കുന്നതും 20.06.2024 ൽ ആണ്, എം.ബുക്കിൽ പേജ് നം. 8 മുതൽ First And Final Bill എന്ന് രേഖപ്പെടുത്തി ബിൽ പാർട്ട് തയ്യാറാക്കിയിരിക്കുന്നത് 20.06.2024 ലാണ്. മസ്റ്റർ റോൾ നം. 16727, 16728ൽ (Skilled/Semiskilled Labour) പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നത് 07.08.2024 മുതൽ 13.08.2024 വരെയാണ്. മസ്റ്റർ റോൾ നം. 19858 പ്രകാരം (Unskilled Labour) പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നത് 28.08.2024 മുതൽ 03.09.2024 വരെയാണ്. എം.ജി.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ ഖണ്ഡിക 7.12.5 പ്രകാരം ഒരു പ്രവൃത്തിയുടെ ഓരോ മസ്റ്റർ കാലയളവിനും, മസ്റ്റർ റോൾ ക്ലോസ് ചെയ്ത് 3 ദിവസത്തിനകം അളവെടുത്ത് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ടെന്നിരിക്കെ മസ്റ്റർ റോൾ പ്രകാരം പ്രവൃത്തി നിർവ്വഹിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന തീയതിയ്ക്കു മുൻപ് എപ്രകാരമാണ് എം.ബുക്കിൽ മെഷർമെന്റ് രേഖപ്പെടുത്തിയതെന്നും ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 36/ 14.10.2025 ന് ചില സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി നടന്ന ദിവസം മസ്റ്റർ റോൾ എടുത്ത് പേയ്മെന്റ് നൽകാൻ കഴിഞ്ഞില്ലായെന്നും പ്രവൃത്തി നടന്ന ദിവസത്തെ മെഷർമെന്റ് ആ ദിവസം തന്നെ എം.ബുക്കിൽ രേഖപ്പെടുത്തുകയും വരും ദിവസങ്ങളിൽ മുൻകൂട്ടി രേഖപ്പെടുത്തിയ മെഷർമെന്റിന് അന്യസ്യതമായി പേയ്മെന്റ് അനുവദിക്കുകയും ആണ് ചെയ്തിട്ടുള്ളതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ചെയ്ത ജോലിയ്ക്കനുസ്യതമായാണ് എം.ബുക്കിൽ രേഖപ്പെടുത്തൽ വരുത്തേണ്ടതെന്നിരിക്കെ മുൻകൂട്ടി എം.ബുക്കിൽ രേഖപ്പെടുത്തൽ വരുത്തി എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ഇത്തരം വീഴ്ചകൾ കർശനമായി ഒഴിവാക്കേണ്ടതാണ്.

1-9-4 കിണർ നിർമ്മാണം - അപാകതകൾ

പ്രവൃത്തിയുടെ പേര്	കിണർ നിർമ്മാണം, ജുനീസ
വർക്ക് കോഡ്	IF/1053264
Mbook No.	181/2023-24
എസ്റ്റി മേറ്റ് തുക	50,991/- രൂപ

പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. 8.12.2022 ലെ NREGA/41/2022-B1 സർക്കുലർ പ്രകാരം വ്യക്തിഗത ആനുകൂല്യം ലഭ്യമാകുന്ന ഗുണഭോക്താവ് 20,000/- രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് വരുന്ന ആസ്തികൾ ലഭ്യമാകുന്ന അവസരത്തിൽ 200/- രൂപയുടെ മുദ്രപ്പത്രത്തിൽ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ അപ്രകാരമൊരു കരാറിൽ ഏർപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നം. 37/14.10.2025ന് നടപ്പ് സാമ്പത്തിക വർഷം മുതലാണ് കരാർ കർശനമാക്കിയിട്ടുള്ളതെന്നും അപേക്ഷയോടോപ്പം 200/- രൂപയുടെ മുദ്രപ്പത്രം സ്വീകരിക്കുകലും എസ്റ്റിമേറ്റ് തയ്യാറാകുന്ന മുറയ്ക്ക് കരാറിലേർപ്പെടുകയും ചെയ്യുന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2022 ലെ സർക്കുലർ നിർദ്ദേശം തൻവർഷമാണ് കർശനമാക്കിയതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. 20,000/- രൂപയ്ക്ക് മുകളിൽ വ്യക്തിഗത ആനൂകൂല്യം നൽകുമ്പോൾ 200/- രൂപയുടെ മുദ്രപ്പത്രത്തിൽ കരാറിലേർപ്പെടാൻ ശ്രദ്ധിക്കേണ്ടതാണ്.

2. . 12.07.2020 ലെ സർക്കുലർ നം. 2168/ബി1/2019/REGS പ്രകാരം വ്യക്തിഗത ഗുണഭോക്താക്കൾ ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് അനുവദനീയമായ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. എം. ബുക്ക് പ്രകാരം (പേജ് നം, 14) ആകെ മെറ്റീരിയൽ കോസ്റ്റ് ആയി രേഖപ്പെടുത്തിയിരിക്കുന്നത് 12,059/- രൂപയാണ്, എന്നാൽ ബില്ലുകൾ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നം. 37/14.10.2025 ന് ജി.എസ്.ടി ബില്ലുകൾ ഹാജരാക്കണമെന്ന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും എല്ലാ പ്രവൃത്തിയിലും കർശനമായി പാലിക്കാൻ കഴിഞ്ഞിട്ടില്ലായെന്നും ഓവർസിയർമാർ ഫീൽഡ് പരിശോധന നടത്തി ബോധ്യപ്പെട്ടതിനു ശേഷമാണ് മെഷർമെന്റ് രേഖപ്പെടുത്തുന്നതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതും ജി.എസ്.ടി ബില്ലിന്റെ അടിസ്ഥാനത്തിൽ മാത്രം ഗുണഭോക്താക്കൾക്ക് തുക കൈമാറേണ്ടതുമാണ്.

3. എം.ജി.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ ഖണ്ഡിക 7.12.5 പ്രകാരം ഒരു പ്രവൃത്തിയുടെ ഓരോ മസ്റ്റർ കാലയളവിനും, മസ്റ്റർ റോൾ ക്ലോസ് ചെയ്ത് 3 ദിവസത്തിനകം അളവെടുത്ത് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ടെന്നിരിക്കെ പ്രവൃത്തി ആരംഭിച്ച തീയതി, ഓരോ ഇനം പ്രവൃത്തികളും നടപ്പാക്കിയ തീയതി, ഓവർസിയർ ചെക്ക് മെഷർ ചെയ്ത തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. എ.ഇ പ്രസ്തുത എം. ബുക്കിൽ ചെക്ക് മെഷർ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. അവ രേഖപ്പെടുത്താൻ വിട്ടു പോയതാണെന്നാണ് ഓഡിറ്റ് എൻകയറി നം. 37/14.10.2025 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എം.ജി.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ അനുശാസിക്കും പ്രകാരം എം.ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-9 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	വരവ് (₹) (RP- 30)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (RP 40 B പ്രകാരം)
ഭരണചെലവുകൾ	10,971	17,23,175	17,34,146	17,34,146	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	6,11,82,050	6,11,82,050	6,11,82,050	-
ആകെ	10,971	6,29,05,225	6,29,16,196	6,29,16,196	0

1-10 മറ്റ് ഓഡിറ്റുകളുടെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോർമൻസ് ഓഡിറ്റ്	18.05.2022- 20.05.2022	2021-22 (01.08.2021 മുതൽ 31.08. 2022 വരെ)	01.10.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	09.11.2018 – 27.112018	2013-14 മുതൽ 2017-18 വരെ	-

1-11 ട്രേഡേഴ്സ് ലിസ്റ്റ് കാലികമല്ല

2024-25 സാമ്പത്തിക വർഷത്തിലെ ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 189 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നാൽ ലഭ്യമാക്കിയ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് രജിസ്റ്ററിൽ ആദ്യ നാലു വാർഡുകളിലായി 43 സ്ഥാപനങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബാക്കി സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരം ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്താതിന് കാരണം വ്യക്തമല്ല. ട്രേഡേഴ്സ് ലിസ്റ്റ് രജിസ്റ്ററിൽ എല്ലാ സ്ഥാപനങ്ങളുടെ വിവരങ്ങളും ഉൾപ്പെടുത്തി പൂർത്തിയാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 49ന് മറുപടി ലഭ്യമാക്കി. ട്രേഡേഴ്സ് ലിസ്റ്റ് പൂർത്തിയാക്കി പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്. വരും വർഷങ്ങളിൽ ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമായി തയ്യാറാക്കി സമയബന്ധിതമായി സമർപ്പിക്കുന്നതിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

1-12 കെട്ടിടങ്ങളുടെ സഞ്ചയയിലെ ഉപയോഗക്രമവും ലൈസൻസ് നൽകിയ ഉപയോഗക്രമവും പൊരുത്തപ്പെടുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതിനായി കെട്ടിട ഉടമ മുപ്പത് ദിവസം മുമ്പായി ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതും ഫോറം നമ്പർ 2ൽ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്റർ പ്രകാരം വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ചുവടെ നൽകിയിരിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ പാർപ്പിടാവശ്യമായി രേഖപ്പെടുത്തിയിരിക്കുന്നു.

ക്രമ നമ്പർ	വാർഡ്/ കെട്ടിട നമ്പർ	ഉടമയുടെ പേര്, വിലാസം	സ്ഥാപനത്തിന്റെ പേര്	സഞ്ചയ പ്രകാരമുള്ള ഉപയോഗ ക്രമം	മറുപടി പ്രകാരമുള്ള വാർഡ്/ കെട്ടിട നമ്പർ
1	5/374A	എ അബ്ദുൽ ഖാദർ, ബുഷ്റ മൻസിൽ	എം. കെ. ഹോളോബ്രിക്സ്	പാർപ്പിടം	5/375
2	9/270	അഹമ്മദ് ആർ, ഒപികെ ഹൗസ്	മോഡേൺ സല്യൂൺ	പാർപ്പിടം	9/270E
3	12/340	സുലൈമാൻ, ഷംന മൻസിൽ	സന സ്റ്റോർ	പാർപ്പിടം	12/340A
4	15/321	രജനീഷ് ആർ, ആർഎസ് ഭവൻ	അൽ റാഷ് സർവ്വീസ് സ്റ്റേഷൻ	പാർപ്പിടം	15/321A

ലൈസൻസ് രജിസ്റ്റർ തയ്യാറാക്കിയപ്പോൾ ചില സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ തെറ്റായി രേഖപ്പെടുത്തിയതിനാലാണ് ഇപ്രകാരം അപാകം സംഭവിച്ചതെന്നും ശരിയായ കെട്ടിടനമ്പർ രജിസ്റ്ററിൽ തിരുത്ത് വരുത്തിയിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണം നം. 43ന് മറുപടി ലഭ്യമാക്കി. വിശദമായ പരിശോധന നടത്തി, രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-13 കെ സ്മാർട്ട് പോർട്ടിംഗ് - കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി സഞ്ചയയിൽ പൂർത്തീകരിച്ചിട്ടില്ല

പഞ്ചായത്ത് ഡയറക്ടറുടെ 23.01.2018 ലെ സി 3 6865/11 നമ്പർ സർക്കുലർ പ്രകാരം സഞ്ചയ ഡേറ്റാ ബേസിലെ അപാകതകൾ പരിഹരിച്ച് 2013 മുതലുള്ള വസ്തു നികുതി നിർണയം അന്തിമമാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി നടത്തി 01.04.2013 പ്രകാരമുള്ള നികുതി നാളിതുവരെയും നിർണയിച്ചിട്ടില്ല. കൂടാതെ 2025-26 സാമ്പത്തിക വർഷം മുതൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരം കെസ്മാർട്ട് മുഖേന പോർട്ട് ചെയ്തതായും കാണുന്നില്ല.

ക്രമ നമ്പർ	Building ID In Sanchaya	WardNo	Doornumber	Owner Name	File Status In Sanchaya	K Smart Status
1	50249010010072	1	266 C	ലഭ്യമല്ല	DE Started	Not Ported
2	50249010000706	6	27	സജീബ് സുമിന	DE Ongoing	Not Ported
3	50249010000752	6	53	ഷംസുദ്ദീൻ	DE Ongoing	Not Ported
4	50249010006709	11	556	യു ഉസ്മാൻ	DE Ongoing	Not Ported

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകവയറി (നമ്പർ 12/2024-25, തീയതി 09.10.2025)ക്ക് പ്രസ്തുത എൻകവയറിയിൽ പരാമർശിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 1/266 സി നമ്പർ ഒഴികെയുള്ള കെട്ടിടങ്ങളുടെ

അടിസ്ഥാന വിവരങ്ങൾ ഡാറ്റാ എൻട്രി ചെയ്തിട്ടുള്ളതാണെന്നും എന്നാൽ ഫോറം വിവരങ്ങൾ രേഖപ്പെടുത്തുന്ന സമയത്ത് സാങ്കേതിക പിശക് മൂലം ഡിജിറ്റൽ സൈൻ ചെയ്യുവാൻ കഴിയാത്ത സാഹചര്യം ഉണ്ടാകാറുണ്ടെന്നും സഞ്ചയയിൽ വിവരങ്ങൾ ഉൾപ്പെടുത്തി ഡിജിറ്റൽ സൈൻ ചെയ്ത കെട്ടിടങ്ങൾ മാത്രമാണ് കെ സ്മാർട്ടിലേക്ക് പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്നും അറിയിച്ചു. ഫീൽഡ് പരിശോധന നടത്തി പ്രസ്തുത കെട്ടിടങ്ങൾ നിലവിൽ ഉള്ളവയാണെങ്കിൽ അപാകത പരിഹരിക്കുന്നതിന് ഐ കെ എം നെ അറിയിച്ച് ഡാറ്റാ എൻട്രി നടത്തി കെ സ്മാർട്ടിൽ ഉൾപ്പെടുത്തുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. അപാകം പരിഹരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 വസ്തു നികുതി പരിഷ്കരണം - ഡേറ്റാ കളക്ഷൻ സഞ്ചയ സോഫ്റ്റ് വെയറിൽ ചേർക്കുന്നത് പൂർത്തിയായില്ല

സ.ഉ(കൈ)നം. 77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ പഞ്ചായത്തധികൃതർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന് കാണുന്നു.

1) കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023-നകം പൂർത്തീകരിക്കേണ്ടതാണെന്നും, വിവര ശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവെയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിനായി പഞ്ചായത്തിൽ ആരേയും നിയമിക്കുകയോ പ്രവർത്തനം ആരംഭിക്കുകയോ ചെയ്തിട്ടില്ലായെന്ന് ഓഡിറ്റ് എൻകയറി നം. 11/2024-25, 09.10.2025 ക്ക് മറുപടിയായി അറിയിച്ചു. കെട്ടിടങ്ങളുടെ വിവരശേഖരണത്തിന് യോഗ്യതയുള്ളവരെ തേടി അപേക്ഷ ക്ഷണിച്ചുവെങ്കിലും അപേക്ഷകളൊന്നും ലഭിച്ചിരുന്നില്ലായെന്നും അറിയിച്ചു

2)സ.ഉ.(കൈ)നം. 77/2023/എൽ.എസ്.ജി.ഡി തീയതി 22/03/2023 ലെ പാര 15 നിർദ്ദേശ പ്രകാരം, വിവരണശേഖരണം നടത്തിയതിന്റെയും, ടി വിവരം സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി ഡിമാന്റ് പരിഷ്ക്കരിച്ചതിന്റെയും വിവരം ആവശ്യപ്പെട്ടതിന് കരകുളം ഗ്രാമീണ പഠന കേന്ദ്രം മുഖേന നടപ്പിലാക്കിയ ഭൗമപഞ്ചായത്ത് പദ്ധതിയിലൂടെ ആവശ്യമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട് എന്നും നിലവിൽ ശേഖരിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിലേക്ക് ഉൾപ്പെടുത്തേണ്ടത് എപ്രകാരമെന്ന് സർക്കാർ തലത്തിൽ നിർദ്ദേശം ലഭ്യമായാൽ മാത്രമെ പരിഷ്കരിച്ച ഡിമാൻഡ് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ എന്നും അറിയിച്ചു.

3) ശേഖരിച്ച വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർക്കുന്ന മുറയ്ക്ക് 10% കെട്ടിടങ്ങൾ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധന നടത്തിയതിന്റെ വിവരം ആവശ്യപ്പെട്ടതിന് നിലവിൽ ശേഖരിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിലേക്ക് ഉൾപ്പെടുത്തേണ്ടത് എപ്രകാരമെന്ന് സർക്കാർ തലത്തിൽ നിർദ്ദേശം ലഭ്യമായാൽ മാത്രമെ 10 % കെട്ടിടങ്ങൾ പരിശോധിക്കുവാൻ സാധിക്കുകയുള്ളുവെന്ന് അറിയിച്ചു.

സഞ്ചയ സോഫ്റ്റ് വെയറിലേക്ക് വിശദാംശങ്ങൾ ഉൾപ്പെടുത്തുവാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-15 വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 11,14 എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ലായെന്ന് കാണുന്നു.

ക്രമ നമ്പർ	വാർഡ്/ കെട്ടിട	ഉടമയുടെ പേര്	കെട്ടിടത്തിന്റെ ഉപയോഗക്രമം	വിസ്തീർണം

	നമ്പർ			
1	11/101	സുരേഷ്, ചെല്ലമ്മ (ചേറാട്ടുകുഴി വീട്, പാലം, പുല്ലമ്പാറ)	പാർപ്പിടാവശ്യം	താഴത്തെ നില (67 ച.മീ)
2	11/156	അബ്ദുൽ റഷീദ് (ഡാലിയ, ആനക്കുഴി, പുല്ലമ്പാറ)	പാർപ്പിടാവശ്യം	താഴത്തെ നില (80 ച.മീ)
3	11/301	പി. അബൂബേക്കർകുഞ്ഞ് (നെല്ലിവിള വീട്, മുക്കാല, പുല്ലമ്പാറ)	പാർപ്പിടാവശ്യം	താഴത്തെ നില (90 ച.മീ)
4	11/431	ഹംസ (വടക്കേക്കോണത്ത് വിളയിൽ വീട്, തേമ്പാംമൂട്, പുല്ലമ്പാറ പി.ഒ, 695607)	പാർപ്പിടാവശ്യം	താഴത്തെ നില (68 ച.മീ)
5	11/582	അബുത്താലിഫ് (വിളയിൽ വീട്, വടക്കേക്കോണം തേമ്പാംമൂട്, പുല്ലമ്പാറ)	പാർപ്പിടാവശ്യം	താഴത്തെ നില (64 ച.മീ)
6	11/581	ശാന്തമ്മ എൻ (സി പി ഹൗസ്, കലുങ്കിൻമുഖം, പുല്ലമ്പാറ പി.ഒ, 695607)	പാർപ്പിടാവശ്യം	താഴത്തെ നില (66 ച.മീ)
7	14/267	വേണുഗോപാലൻ നായർ (കരിഞ്ഞാംകോണം, പാലാംകോണം)	പാർപ്പിടാവശ്യം	താഴത്തെ നില (70.31 ച.മീ)
8	14/407	നബീസാബീവി (മുല്ലമംഗലത്തു വീട്, നാഗരുകുഴി പാലാംകോണം)	പാർപ്പിടാവശ്യം	താഴത്തെ നില (63.75 ച.മീ)

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി (നമ്പർ 08/2024-25, 08.10.2025) പ്രസ്തുത എൻകയറിയിൽ പരാമർശിക്കുന്ന കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിലേക്ക് ഡാറ്റാ എൻട്രി നടത്തിയപ്പോൾ എ ആർ വി പ്രകാരം വസ്തുനികുതി പൂജ്യം എന്ന് രേഖപ്പെടുത്തിയതിനാലാണ് വസ്തുനികുതി ഡിമാൻഡിൽ നിന്നും ഒഴിവായി കാണുന്നതെന്നും ചില കെട്ടിടങ്ങൾ നിലവിൽ പൊളിച്ച് നീക്കം ചെയ്തിട്ടുള്ളതായും മറ്റ് ചില കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം 60 ച.മീറ്ററിന് താഴെയാണെന്നും പ്രാഥമിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചു. വിശദമായ പരിശോധന നടത്തി ഒഴിവാക്കേണ്ട കെട്ടിടങ്ങൾ ഒഴിവാക്കേണ്ടതും വസ്തു നികുതി ഈടാക്കാനുള്ള കെട്ടിടമാണെങ്കിൽ ആയത് ഡിമാന്റ് ചെയ്ത് കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

1-16 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ

സ്ഥാപനം	അർദ്ധവർഷം
വെഞ്ഞാറമൂട് കോ ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി	I, II
തേമ്പാമൂട് ക്ഷീരോത്പാദക സഹകരണ സംഘം	I, II
നീനു ക്രഷർ യൂണിറ്റ്	I, II
പുല്ലമ്പാറ ക്ഷീരോത്പാദക സഹകരണ സംഘം	I, II
സംസം ഫ്യുവൽസ്	I, II
പുല്ലമ്പാറ സർവീസ് സഹകരണ ബാങ്ക്	I, II

സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി (നം. 21/2024-25,10.10.2025)ക്ക് മേൽ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ്

തുകയുടെ കൂടെ പ്രതിവർഷം 2,500/- രൂപ സ്ഥാപന നികുതിയും കൂടി ഈടാക്കാറുണ്ടെന്നും ആയതിനാൽ സ്ഥാപനങ്ങൾക്ക് പ്രത്യേകം സ്ഥാപന നികുതി ഈടാക്കേണ്ട ആവശ്യകതയില്ലായെന്നും അറിയിച്ചു. മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചപ്പോൾ ഈടാക്കിയ സ്ഥാപന തൊഴിൽ നികുതിയുടെ വിശദാംശങ്ങളടക്കം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-17 തൊഴിൽ നികുതി പുതുക്കിയ സ്ലാബിനനുസൃതമായി തുക ഈടാക്കിയില്ല

27.06.2024 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1149/2024/തസ്വഭവ ഉത്തരവ് പ്രകാരം 2024 രണ്ടാം അർദ്ധവർഷം മുതൽ പ്രാബല്ല്യത്തിൽ തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ചിരുന്നു. ചുവടെ ചേർക്കുന്ന ജീവനക്കാരിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല.

ക്രമ നമ്പർ	ജീവനക്കാരന്റെ പേര്	സ്ഥാപനം	രണ്ടാം അർദ്ധ വാർഷിക വരുമാനം	ഈടാക്കിയ തൊഴിൽ നികുതി	ഈടാക്കേണ്ട തൊഴിൽ നികുതി	വ്യത്യാസം
1	ഷൈന ജി	ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ ഹോമിയോപ്പതി NHM	56,700	450	750	300
2	ഉണ്ണികൃഷ്ണൻ ഇ	വില്ലേജ് ഓഫീസ്, പുല്ലമ്പാറ	3,79,680	1000	1250	250
3	വിഷ്ണു ആർ നായർ	പുല്ലമ്പാറ ക്ഷീരോല്പാദക സഹകരണ സംഘം	46,860	450	750	300
4	നുസൈഫാ ബീവി	പുല്ലമ്പാറ ക്ഷീരോല്പാദക സഹകരണ സംഘം	44,820	300	600	300
5	ഗീത വി എസ്	പി എച്ച് സി പുല്ലമ്പാറ	27,343	180	450	270

സർക്കാർ ഉത്തരവിനനുസൃതമായല്ലാതെ നികുതി ഈടാക്കിയതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി (നം. 14/10.10.2025) ക്ക് കുറവായി ഈടാക്കിയ തുക ഒടുക്കുന്നതിനായി വിവിധ സ്ഥാപന മേധാവികളെ അറിയിച്ചിട്ടുണ്ടെന്ന് അറിയിച്ചു. പ്രസ്തുത തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 പാടശേഖരസമിതിക്ക് റിവോൾവിംഗ് ഫണ്ട് - നടത്തിപ്പിലെ അപാകങ്ങൾ

പദ്ധതിയുടെ പേര്	പാടശേഖരസമിതിക്ക് റിവോൾവിംഗ് ഫണ്ട്
നിർവ്വഹണോദ്യോഗസ്ഥൻ	കൃഷി ഓഫീസർ
പ്രോജക്ട് നമ്പർ	S0188/25 (സ്പിൽ ഓവർ)
അടങ്കൽ	60,000/- രൂപ (വികസന ഫണ്ട് ജനറൽ)
ചെലവ്	60,000/- രൂപ
ബിൽ നമ്പർ/തീയതി/തുക	2/09-05-2024 - 60,000/- രൂപ

28.05.2022 ലെ സ.ഉ(കൈ)നം. 115/2022/തസ്വഭവ ഉത്തരവ് 6-1-44 പ്രകാരം കർഷക ഗ്രൂപ്പുകൾക്കും പാടശേഖര സമിതികൾക്കും റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. പുല്ലമ്പാറ പാടശേഖര സമിതിക്ക് 3 ഏക്കർ പാടത്ത് നെൽകൃഷി ചെയ്യുന്നതിനായാണ്

റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുള്ളത്. പുല്ലമ്പാറ പാടശേഖര സമിതി പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ചേർന്ന് 28.11.2023 ലാണ് കൃഷി ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത അപേക്ഷ പ്രകാരം റിവോൾവിംഗ് ഫണ്ടായി നൽകുന്ന തുക 31.03.2024 നകം തിരിച്ചടയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും തുക നൽകിയ തീയതി 09-05-2024. ബാങ്ക് സ്റ്റേറ്റ് മെന്റിന്റെ പകർപ്പിൽ 28.03.2024 ൽ 100,000/- രൂപ നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) മാർഗരേഖ 6-1-44 Iii പ്രകാരം ഒരു ഹെക്ടറിന് പരമാവധി 50,000/- രൂപ വരെ റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പുല്ലമ്പാറ പാടശേഖര സമിതിക്ക് 3 ഏക്കർ പാടത്ത് നെൽകൃഷി ചെയ്യുന്നതിനായാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 3 ഏക്കറിന് 60,000/- രൂപ നൽകാനിടയായ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി (നം. 42/14.10.2025)ക്ക് സാധാരണയായി 4 ഹെക്ടറിലാണ് കൃഷി നടത്തുന്നതെന്നും തൻ വർഷം കർഷകർ പച്ചക്കറി കൃഷി നടത്തിയതിനാലാണ് കൃഷിയിടം 3 ഏക്കറായി കുറഞ്ഞത് എന്ന് മറുപടി നൽകി.

2) 6-1-44 (V) പ്രകാരം കൃഷിയുടെ പ്രാരംഭ പ്രവർത്തന ഘട്ടത്തിൽ തന്നെ പാടശേഖരസമിതി ഭാരവാഹികൾ നിർവഹണ ഉദ്യോഗസ്ഥന് അപേക്ഷ നൽകുന്ന മുറയ്ക്ക് അവരുടെയും നിർവഹണ ഉദ്യോഗസ്ഥന്റെയും ജോയിന്റ് അക്കൗണ്ടിലേയ്ക്ക് റിവോൾവിംഗ് ഫണ്ട് നിക്ഷേപിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് പ്രോജക്ട് പരിശോധിച്ചതിൽ 23.10.2017 ൽ ആരംഭിച്ച ഫെഡറൽ ബാങ്ക് അക്കൗണ്ട് (14220100142106) -ൽ ആണ് തുക നൽകിയിട്ടുള്ളത്. പ്രസ്തുത അക്കൗണ്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ കൂടി ഉൾപ്പെടുന്ന ജോയിന്റ് അക്കൗണ്ടിലാണോ നൽകിയതെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതാണ്.

3) 6-1-44 (Vi) പ്രകാരം സ്വീകരിച്ച റിവോൾവിംഗ് ഫണ്ട് വിളവെടുപ്പിന് ശേഷം മേൽപ്പറഞ്ഞ അക്കൗണ്ടിലേയ്ക്ക് തിരികെ നിക്ഷേപിക്കേണ്ടതും തുടർന്ന് അടുത്ത വിളയ്ക്കായി റിവോൾവ് ചെയ്യേണ്ടതുമാണെന്നും വ്യവസ്ഥ ചെയ്യുന്നു. 2017 ൽ റിവോൾവിംഗ് ഫണ്ടിനായി ആരംഭിച്ച അക്കൗണ്ടാണെങ്കിൽ മുൻപ് ലഭിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

മാർഗ രേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ക്രമ നമ്പർ 2,3 എന്നിവയിലെ അപാകങ്ങൾ സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-19 അഗ്രോ സർവ്വീസ് സെന്ററിലെ കാർഷിക സേവനങ്ങൾക്കുള്ള സബ്സിഡി - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

പദ്ധതിയുടെ പേര്	അഗ്രോ സർവ്വീസ് സെന്ററിലെ കാർഷിക സേവനങ്ങൾക്കുള്ള സബ്സിഡി
നിർവ്വഹണോദ്യോഗസ്ഥൻ	കൃഷി ഓഫീസർ
പ്രോജക്ട് നമ്പർ	S0041/25
അടങ്കൽ	രൂ.1,00,000/- (വികസന ഫണ്ട്–ജനറൽ + 50000 ഗുണഭോക്തൃ വിഹിതം)
ചെലവ്	രൂ.46,220/- (വികസന ഫണ്ട് – ജനറൽ)
ബിൽ നം./തീയതി/തുക	1) 454/06-03-2025 - രൂ.10,350/- 2) 455/06-03-2025 - രൂ.8,100/- 3) 457/06-03-2025 – രൂ.18,390/- 4) 458/06-03-2025 - രൂ.3,400/- 5) 460/06-03-2025 – രൂ.2,680/- 6) 466/06-03-2025 - രൂ.3,300/-

പുല്ലമ്പാറ കാർഷിക സേവന കേന്ദ്രം നൽകുന്ന സേവനത്തിനുള്ള ബിൽ സമർപ്പിച്ചാൽ, മൊത്തം ചെലവിന്റെ 50% (പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം) ഗുണഭോക്താവിന് സബ്സിഡിയായി തിരികെ നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം

ചെയ്തിട്ടുള്ളത്. കാർഷിക കർമ്മ സേനകൾ, കൃഷി വകുപ്പിന്റെ അഗ്രോ സർവീസ് സെന്ററുകൾ എന്നിവ കർഷകർക്കും കർഷക കൂട്ടായ്മകൾക്കും നിയന്ത്രിത നിരക്കുകളിൽ നൽകുന്ന സേവനങ്ങൾക്കാണ് സബ്സിഡി നല്കാവുന്നത്. 28.05.2022ലെ സ.ഉ(കൈ)നം. 115/2022/തസ്വഭവ. ഉത്തരവ് 6-1-17 പ്രകാരം പ്രസ്തുത പ്രോജക്ട് നടപ്പാക്കുന്നതിന് വിവിധ മാർഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

6-1-17-2 പ്രകാരം സേവനങ്ങൾ മുൻകൂട്ടി പട്ടികപ്പെടുത്തി തദ്ദേശ ഭരണ സ്ഥാപനം അംഗീകരിച്ച് പ്രസിദ്ധീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ഗ്രാമപഞ്ചായത്ത് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് 2023-24 വർഷം പദ്ധതി നടപ്പിലാക്കുമ്പോൾ പട്ടിക തയ്യാറാക്കിയിരുന്നതായും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതായും അറിയിച്ചു. എന്നാൽ പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല [ഓഡിറ്റ് എൻകയറി നം. 34/2024-25, തീ. 14.10.2025].

6-1-17-3 പ്രകാരം സബ്സിഡി മാർഗരേഖയിലെ ഇനങ്ങൾ 6.1.8, 6.1.9 എന്നിവ പ്രകാരമുള്ള സബ്സിഡി ലഭിക്കുന്നവർക്ക് ഈ സഹായം നൽകുന്നതല്ലായെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ പ്രോജക്ട് നമ്പർ 31 കേദാരം പദ്ധതിയുടെ ഗുണഭോക്താക്കളായ വിജയകുമാരൻ നായർ 400/- രൂപ, രവീന്ദ്രൻ നായർ 2,000/- രൂപ, സുരേഷ് ബാബു കെ. എസ്. 1,440/- രൂപ, സജു കുമാർ കെ. 1,600/- രൂപ, എം. മുഹമ്മദ് ഫറൂക്ക് 5,110/-രൂപ, സൗമ്യ 840/- രൂപ, കാർഷിക സേവന കേന്ദ്രം പുല്ലമ്പാറ 7,000/- രൂപ, എന്നിവർക്ക് ഈ പദ്ധതി പ്രകാരം സബ്സിഡി നൽകിയിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി ആനുകൂല്യം നൽകാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയാണ് ധനസഹായം നൽകിയതെന്ന് ഓഡിറ്റ് എൻകയറി (നം. 34/2024-25, തീ.14.10.2025)ക്ക് മറുപടിയായി അറിയിച്ചു. ഇക്കാര്യത്തിൽ തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

പദ്ധതി/സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 ഹെൽത്ത് ഗ്രാന്റ് - അവലോകനം

G.O.(Rt) No. 2132/2022/LSGD ഉത്തരവ് പ്രകാരം 5 സ്കീമുകൾ പ്രതിപാദിച്ചിട്ടുള്ളതിൽ രണ്ട് സ്കീമുകളാണ് ഗ്രാമപഞ്ചായത്ത് തലത്തിൽ ബാധകമായത് ഗ്രാമപഞ്ചായത്തിൽ ഓരോ ഗ്രാന്റിനും പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഇതിൽ രണ്ട് സ്കീമുകൾക്കായാണ് ഗ്രാമപഞ്ചായത്തിൽ തുക ലഭിച്ചത്. പഞ്ചായത്തിൽ ലഭ്യമായ ഹെൽത്ത് ഗ്രാന്റിന്റെ വരവും ചെലവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(ഓഡിറ്റ് എൻകയറി നം. /2025/തീയതി : ന് ലഭ്യമാക്കിയ മറുപടിയും അനുബന്ധ രേഖകളും ആധാരമാക്കി തയ്യാറാക്കിയത്).

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ (വർഷം തിരിച്ച്)

വർഷം	തുക (രൂപ)
2021-22	Nil
2022-23	3,46,447/-
2023-24	67,41,000/-
2024-25	9,15,000/-

ഗ്രാമപഞ്ചായത്തിന്റെ 2023-24, 2024-25 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റുകൾ പ്രകാരം ഹെൽത്ത് ഗ്രാന്റിനത്തിൽ 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ വരവായി ലഭ്യമായ തുകകൾ യഥാക്രമം 68,17,210/- രൂപ, 11,13,411/- രൂപ എന്നിങ്ങനെയാണ്. മറുപടി പ്രകാരം ലഭ്യമാക്കിയ പട്ടികയിലെ തുകകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി വ്യത്യാസപ്പെട്ടതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

വർഷം	സ്കീം - 1 (രൂ.)	സ്കീം - 2 (രൂ.)	സ്കീം - 3 (രൂ.)	ആകെ (രൂ.)
2021-22	Nil	Nil	Nil	Nil
2022-23	Nil	2,36,447	1,06,488	3,42,935
2023-24	Nil	4,60,696	1,22,439	5,83,135
2024-25	36,35,361	3,75,304	2,36,073	42,46,738

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

സ്കീം - 1 – 21,51,710/- രൂപ
സ്കീം - 2 – 3,79,763/- രൂപ
സ്കീം - 3 – 5,82,298/- രൂപ

4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

വർഷം	പദ്ധതിയുടെ പേര്	ചെലവ് തുക (രൂ.)
2022-23	പി.എച്ച്.സി. ലാബിലേക്ക് റീ ഏജന്റ് വാങ്ങൽ	2,36,447
	പി.എച്ച്.സി.-യിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ	1,06,488
2023-24	പി.എച്ച്.സി.-യിലും ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളിലും രോഗ നിർണയം നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൌകര്യം ഏർപ്പെടുത്തൽ	4,60,696
	ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളിൽ രോഗ നിർണയം നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കൽ	1,18,927
	പി.എച്ച്.സി.-യിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (SO)	3,512
2024-25	ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളിൽ രോഗ നിർണയം നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കൽ (SO)	2,36,073
	പി.എച്ച്.സി.-യിലും ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളിലും രോഗ നിർണയം നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ (SO)	3,75,304
	മുക്കുടിൽ കുടുംബക്ഷേമ കേന്ദ്രത്തിന് കെട്ടിടനിർമ്മാണം	1,23,50,136
	പി.എച്ച്.സി. ലാബിന് കെട്ടിട നിർമ്മാണം	24,00,348

5) ഹെൽത്ത് ഗ്രാന്റ് 2022-23 പ്രകാരം ലഭിച്ച ഫണ്ട് ഉപയോഗിച്ച് മുക്കുടിൽ, പുല്ലമ്പാറ സബ്സെന്ററുകളുടെ നിർമ്മാണം നടന്നുവരുന്നതായും ആയത് പൂർത്തിയാക്കുന്ന മുറയ്ക്ക് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതുമാണെന്ന് മറുപടി ലഭ്യമാക്കി.
6) ഹെൽത്ത് ഗ്രാന്റ് പ്രോജക്ടുകൾ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികൾ അംഗീകരിച്ചതിന് ശേഷമാണ് പഞ്ചായത്ത് കമ്മിറ്റി പ്രസ്തുത പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നതെന്ന് മറുപടി ലഭ്യമാക്കി.
7) ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഹെൽത്ത് ഗ്രാന്റ് പ്രോജക്ടുകളുടെ നിർവഹണ പുരോഗതി എല്ലാമാസവും വിലയിരുത്താറുണ്ട്.
ഹെൽത്ത് ഗ്രാന്റിനത്തിൽ ഓരോ വർഷവും ലഭ്യമാകുന്ന ഫണ്ടുകൾക്കനുസൃതമായി പദ്ധതികൾ രൂപീകരിച്ച് ഫണ്ട് പൂർണ്ണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(അവലംബം – ഓഡിറ്റ് അന്വേഷണം നം. 04/തീ.06.10.2025)

1-21 വാല്യൂഷൻ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ചെലവ് തുക അനുവദിച്ചു - പ്രവൃത്തിയുടെ നിർമ്മാണം ഇതുവരെയും പൂർത്തീകരിച്ചിട്ടുമില്ല

പ്രോജക്ട് നമ്പർ	218/25
പ്രോജക്ടിന്റെ പേര്	റെട്രോഫിറ്റിംഗ് – 2023-24

അടങ്കൽ തുക	രൂ.7,30,000/-
ചെലവ് തുക	രൂ.2,40,000/-
ഫണ്ട്	വികസനഫണ്ട് - ധനകാര്യ കമ്മീഷൻ അവാർഡ്
നിർവ്വഹണ ഉദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ-2)

സർക്കാർ ഉത്തരവ് (എം.എസ്)നം.115/2022/LSGD., തീയതി 28.05.2022 ഖണ്ഡിക 6.8-ഡി-(9) പ്രകാരം റട്രോഫിറ്റിംഗിനായി (ശൗചാലയങ്ങളുടെ പുനരുദ്ധാരണം) ഒരു ഗുണഭോക്താവിന് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഓവർസിയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 10,000/- രൂപയിൽ അധികരിക്കാത്ത ധനസഹായം അനുവദിക്കാവുന്നതാണ്. ഒറ്റക്കുഴി കക്കൂസുകൾ ഇരട്ടക്കുഴി കക്കൂസുകളാക്കുകയോ സെപ്റ്റിക്ക് ടാങ്കുകൾ നിർമ്മിക്കുകയോ ചെയ്ത് നിലവിലുള്ളവയെ ശുചിത്വ കക്കൂസാക്കി മാറ്റുന്നതിനാണ് ഈ പ്രോജക്ട്. എന്നാൽ പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചിരിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കളുടെ വാല്യൂഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.	ഗുണഭോക്താവ്	അനുവദിച്ച തുക (രൂ.)
01	ശ്രീദേവി, ആശാരിവിളാകം, കൂനൻവേങ്ങ	5,000/-
02	സന്തോഷ്കുമാർ എസ്., തടത്തരികത്ത് വീട്, ബാലൻപച്ച	5,000/-
03	ബഷീർ പി., ചലിപ്പൻകോണത്ത് വീട്, പുല്ലമ്പാറ	5,000/-
04	പ്രസന്ന, കടുവാക്കുഴിപുത്തൻ വീട്, കുന്നുമുകൾ	5,000/-
05	ലളിതാംബിക കെ., മഞ്ചാടിയിൽവീട്, ശക്തിപുരം	5,000/-

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 30/തീ.13.10.2025ന് നിലവിൽ അഡ്വാൻസ് ആയി 5,000/- രൂപ വീതം നൽകിയതാണെന്നും അടിയന്തിരമായി പണികൾ പൂർത്തീകരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കരാർ വ്യവസ്ഥ പ്രകാരം എത്രയും പെട്ടന്ന് പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ടി ഗുണഭോക്താക്കൾ തുകകൾ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെയും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഈ പ്രവൃത്തികൾ പൂർത്തീകരിച്ച് മൂല്യനിർണ്ണയ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 ലൈഫ് ഭവന നിർമ്മാണം ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല

1. ലൈഫ് ഭവന പദ്ധതി കരാർ വ്യവസ്ഥയനുസരിച്ച് 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ പല ഗുണഭോക്താക്കളും ഭവന നിർമ്മാണം ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല. ഭവന നിർമ്മാണം ഇതുവരെയും പൂർത്തീകരിച്ചിട്ടില്ലാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

പദ്ധതി	ഗുണഭോക്താവ്	ആദ്യ ഗഡു കൈപ്പറ്റിയ തീയതി	ആകെ കൈപ്പറ്റിയ തുക (രൂ.)
ലൈഫ് -ജനറൽ 2023-24	ഷീലാകുമാരി കടുവാക്കുഴ് കുന്നുംപുറത്ത് വീട്, പണ്ടാരത്തോട്	14.11.2023	3,20,000/-
	അശോകവല്ലി കുന്നുംപുറത്ത് വീട്, പണ്ടാരത്തോട്	14.11.2023	3,00,000/-
	അസുമാബീവി തേമ്പാക്കാല തടത്തരികത്ത് വീട്, തേമ്പാമൂട്	14.11.2023	2,00,000/-
	രമണി മായഭവൻ കടുവാൽകുഴി	14.11.2023	3,60,000/-
	ലളിതമ്മ ശ്രീനിലയം, ആശാരിവിളാകം	14.11.2023	2,00,000/-
	പാരിഷബീവി കാവുവിള വീട്, പരിക്കപ്പാറ	14.11.2023	3,40,000/-

	ലിജ ആർ. ലീലഭവൻ, പാലാംകോണം	14.11.2023	2,00,000/-
	മോളി തടത്തരികത്ത് വീട്, പാലാംകോണം	14.11.2023	3,60,000/-
	ഷാജികുമാർ ഡി. അഴിവിളാകത്ത് വീട്, ബാലൻപച്ച	14.11.2023	3,60,000/-
	രമകുമാരി എച്ച്. കടയ്ക്കാലിൽ വീട്, അയ്യമ്പാറ	14.11.2023	2,00,000/-
	നൗഷാദ് എ. ബീമവിലാസം, പാലാംകോണം	14.11.2023	3,40,000/-
	അനുപമ ബീനഭവൻ, മൂഴി	27.11.2023	3,60,000/-
	സോഫിയ എസ്. പാലുവള്ളി തടത്തരികത്ത് വീട്, മൂന്നാനക്കുഴി	14.11.2023	3,40,000/-
	അശ്വതി എ. നന്ദനം, കുന്നുമുകൾ	14.11.2023	3,40,000/-
	കാർത്യായനി എൻ. പുതുവൽതടത്തരികത്ത് വീട്, നാഗരുകുഴി	14.11.2023	3,50,000/-
	സരസ്വതി അമ്മ കെ. മേലെപുത്തൻ വീട്, പാലാംകോണം	14.11.2023	3,60,000/-
	ആബിദാബീവി തടത്തരികത്ത് വീട്, പേരുമല	14.11.2023	3,60,000/-
	ഭാരതി അമ്മ സുരേഷ്ഭവൻ, പരിക്കപ്പാറ	27.11.2023	3,00,000/-
	സദാനന്ദൻ പാലുവള്ളിയിൽ വീട്, മാങ്കുഴി	14.11.2023	3,60,000/-
	അജിതകുമാരി എൽ. മഞ്ചാടിചരുവിളപുത്തൻ വീട്, ശാന്തിനഗർ	22.01.2024	2,00,000/-
	രുഗ്മിണി വിളയിൽ വീട്, കരിച്ചിയിൽ	22.01.2024	3,60,000/-
	പാപ്പച്ചൻ കൊഴിയിൽ വീട്, നാഗരുകുഴി	22.01.2024	3,60,000/-
	ശാന്ത സി. പുതുവൽപുത്തൻ വീട്, ചെല്ലായം	22.01.2024	2,00,000/-
	രാഗിണി ആർ. എസ്. തടത്തരികത്ത് പൂത്തൻ വീട്, തെളിക്കച്ചാൽ	22.01.2024	3,00,000/-
Life – Sc 2022-23	ശ്യാമള തടത്തരികത്ത് വീട്, ബാലൻപച്ച	07.02.2023	3,60,000/-
	ശ്യാമള പൊന്നമ്പി വിളയിൽ വീട്, പാലാംകോണം	08.02.2023	2,00,000/-
	അജിത്ത് കുമാർ എം. ഇരപ്പാൻകോണത്ത് പുത്തൻ വീട്, പാലാംകോണം	08.02.2023	2,00,000/-
	സുരേഷ് തൊഴുത്തൂർ വീട്, തൈക്കാട	08.02.2023	2,00,000/-
	കുമാരി കൂപ്പിൽതടത്തരികത്ത് വീട്, കൂനൻവേങ്ങ	24.02.2023	3,60,000/-

Life – Sc 2023-24	ഉഷാകുമാരി തടത്തരികത്ത് വീട്, വെള്ളുമണ്ണടി	16.06.2023	3,71,334/-
	മായാദേവി ബി. ചേറാട്ടുകുഴിപുത്തൻ വീട്, കുന്നിക്കോട്	16.06.2023	3,40,000/-
	കുഞ്ഞുമോൾ ഐ. പാലിക്കുന്ന് കോളനിയിൽ വീട്, പുല്ലമ്പാറ	22.06.2023	2,00,000/-
	പ്രസന്ന എം. കിഴക്കുകരപുത്തൻ വീട്, പേരുമല	04.09.2023	3,60,000/-
	പ്രകാശൻ എസ്. കിഴക്കേകോണത്ത് വീട്, തേമ്പാമൂട്	02.11.2023	3,60,000/-
	ഷീജ സി. ഷിബുവിലാസം, വട്ടപ്പാറ	22.01.2024	3,00,000/-
	ഓമന കെ കിഴക്കുംകരതിട്ടയിൽ വീട്, പാണകം	22.01.2024	3,60,000/-
	ശാന്ത കുന്നിൽവീട്, ചുള്ളാളം	22.02.2024	3,60,000/-

2. ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി കരാർ വെച്ച് ആദ്യ ഗഡു കൈപ്പറ്റിയ ശേഷം തുടർ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയതായി കാണുന്നില്ല.

പദ്ധതി	ഗുണഭോക്താവിന്റെ പേര്	ആദ്യ ഗഡു കൈപ്പറ്റിയ തീയതി	ആകെ കൈപ്പറ്റിയ തുക (രൂ.)
ലൈഫ് – ജനറൽ 2023-24	ദാമോദരൻ ആശാരി വിളയിൽപുത്തൻ വീട്, പന്തപ്ലാവിക്കോണം	14.11.2023	40,000/-
	സുനിതകുമാരി ആർ. തടത്തരികത്ത് വീട്, മുത്തിക്കാവ്	14.11.2023	40,000/-
	സുധ സി. പുതുവൽപുത്തൻ വീട്, ചേപ്പയം	14.11.2023	40,000/-
	അച്ചാമ്മ എസ്. തടത്തരികത്ത് വീട്, നാഗരുകുഴി	22.01.2024	40,000/-
ലൈഫ് – Sc 2022-23	ഷീജ വി. ചരുവിളപുത്തൻ വീട്, കരിമ്പിൽകാട്	08.02.2023	40,000/-
	രാധമ്മ ജി. ശ്രീനാരായണഭവൻ, ചെല്ലഞ്ചി	08.02.2023	40,000/-
	അനീഷ് ജെ. വാലികുന്നിൽ വീട്, പുല്ലമ്പാറ	24.02.2023	40,000/-
	സിന്ധു ആർ. ചരുവിളപുത്തൻ വീട്, വട്ടയം	15.03.2023	40,000/-
	ഷജിത്ത് കുമാർ ജെ. പാട്ടുവിളകുന്നിൽപുത്തൻ വീട്, ആനക്കുഴി	20.03.2023	40,000/-
ലൈഫ് - Sc 2023-24	സിന്ധു എസ്. കോടാലികുഴി വീട്, പാലുവള്ളി	16.06.2023	40,000/-
	അഞ്ചു പി. ശിവകാമി ഭവൻ, കൂനൻവേങ്ങ	05.07.2023	40,000/-
	സരിത എസ്. ചന്തവിള വീട്, മരുതുംമൂട്	22.062023	40,000/-
	സരിത എൻ. ചരുവിള വീട്, ചേപ്പിലോട്	30.09.2023	40,000/-

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നം. 31/തീ.13.10.2025-ന് ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കൾക്ക് നോട്ടീസ് അയച്ചിട്ടുള്ളതും, നേരിട്ട് ബന്ധപ്പെട്ടും ഭവന നിർമ്മാണം ആരംഭിക്കാനുള്ള ശ്രമം നടത്തി വരുകയാണെന്നും, ചിലർ ഇതിനകം ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ടന്നും മറുപടി ലഭ്യമാക്കി. ഈ വിഷയത്തിലെ തുടർനടപടി വിവരം സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-23 പ്രവൃത്തിയുടെ ഇൻഫർമേഷൻ ബോർഡുകൾ സ്ഥല പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല.

അസിസ്റ്റന്റ് എഞ്ചീനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവ് കാണിച്ചിട്ടുള്ള ഇൻഫർമേഷൻ ബോർഡുകൾ 15.10.2025, 16.10.2025 എന്നീ തീയതികളിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല.

ക്രമ നം.	പ്രോജക്ട് വിവരങ്ങൾ		പരിശോധനയിൽ കണ്ടെത്തിയത്	
1	291/24-25-	കിണറ്റുമുക്ക് കുന്നിൽറോഡ് പുനരുദ്ധാരണം	പ്രവൃത്തിയുടെ 75 Cm*60cm – 1,992/- രൂപയുടെ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല.	അടങ്കൽ-രൂ.5,00,000/- ചെലവ്-രൂ.4,30,462/-
	അടങ്കൽ	രൂ.5,05,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം – രൂ.5,00,000/- ഡെവലപ്മെന്റ് ഫണ്ട് ജനറൽ – രൂ.5,000/-)		
	ചെലവ്	രൂ.4,30,462/-		
2	114/24-25	മരുതുംമൂട് വേങ്കമല റോഡ് റീ ടാറിംഗ്	പ്രവൃത്തിയുടെ 75cm*60cm- 2,542/- രൂപയുടെ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല.	**മെയിന്റനൻസ് – റോഡ്** അടങ്കൽ രൂ.8,00,000/- ചെലവ് രൂ.8,00,000/-
	ബിൽ നം	377/23.01.2025 മെയിന്റനൻസ് ഫണ്ട് (റോഡ്)		
	അടങ്കൽ	രൂ.8,00,000/-		
	ചെലവ്	രൂ.8,00,000/-		
3	304/24-25	ആലുവിള റോഡ് കോൺക്രീറ്റിംഗ്	പ്രവൃത്തിയുടെ 75cm*60cm- 1,938/- രൂപയുടെ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല.	തനത് ഫണ്ട് അടങ്കൽ രൂ.6,00,000/-
	ബിൽ നം	524/14.03.2025 – തനത്ഫണ്ട്		
	അടങ്കൽ	രൂ.6,00,000/-		
	ചെലവ്	രൂ.4,57,819/-		

സ്ഥലപരിശോധനാ റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരനിൽ നിന്നും ടി തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതായി അസിസ്റ്റന്റ് എഞ്ചീനിയർ അറിയിച്ചിട്ടുണ്ട്.

1-24 തെരുവ് വിളക്ക് പരിപാലനം - അപാകതകൾ - 1,26,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പദ്ധതിയുടെ പേര്	അടാട്ട് മാതൃകയിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണി
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ	4
അടങ്കൽ	രൂ.6,00,231/- (വികസന ഫണ്ട് – രൂ.6,00,000/- + ധനകാര്യ കമ്മീഷൻ ഗ്രാന്റ് - രൂ.231/-)
ചെലവ്	ബിൽ നം. 584/തീ.23.03.2025 - രൂ.5,74,700/-
വികസന ഫണ്ട്	രൂ.5,74,700/- (പൊതുവിഭാഗം)

3 ഇലക്ട്രീഷ്യൻമാരെ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കുകയും തെരുവ് വിളക്ക് അറ്റകുറ്റപ്പണിയ്ക്കായി വാഹനം വാടകയ്ക്ക് എടുക്കുകയും ഇലക്ട്രീഷ്യൻമാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുകയും ചെയ്യുന്നതിനായി ആവിഷ്ക്കരിച്ചിരുന്ന പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 17-08-2015ലെ ജി.2/44274/15-ാം നമ്പരായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കേടായ സാധനങ്ങളുടെ വിവരം അതത് ദിവസം രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കണമെന്നും പ്രസ്തുത മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ-രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീകൺസിൽ ചെയ്യുന്നുവെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തണമെന്ന് പ്രസ്തുത മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തെരുവ് വിളക്ക് രജിസ്റ്റർ, സ്റ്റോക്ക് അക്കൗണ്ട് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി (നം.17/തീ.10.10.2025)ന് ഗ്രാമപഞ്ചായത്തിൽ GIS നടപ്പിലാക്കിയിട്ടുള്ളതിനാൽ മുഴുവൻ തെരുവ് വിളക്കുകളുടേയും വിവരങ്ങൾ പ്രസ്തുത സോഫ്റ്റ്വെയറിൽ ലഭ്യമാണെന്നും ആയതിനാൽ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പ്രത്യേകമായി എഴുതി സൂക്ഷിച്ചിട്ടില്ലായെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അൺസർവീസബിൾ ഐറ്റംസ് രജിസ്റ്ററും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയെങ്കിലും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ-രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീകൺസിൽ ചെയ്തിട്ടില്ല.

2) 05.09.2011-ലെ സർക്കുലർ നം.3055/ഡി.എസ്.3/2011/തസ്വഭവ. പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി.-യുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുമായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർമാരെ അറിയിച്ച ശേഷമാണ് തെരുവ് വിളക്ക് മെയിന്റനൻസ് പ്രവൃത്തി നടത്തുന്നതെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ആയതിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3) പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം തെരുവ് വിളക്ക് അറ്റകുറ്റപ്പണിയ്ക്കായി വാഹനം വാടകയ്ക്ക് എടുക്കുകയും ഇലക്ട്രീഷ്യൻമാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുകയും ചെയ്യുകയും പദ്ധതിയുടെ ലക്ഷ്യങ്ങളായിരുന്നു. ഫയൽ പരിശോധിച്ചതിൽ വാഹനം വാടകയ്ക്ക് എടുക്കുകയോ, ഇലക്ട്രീഷ്യൻമാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല.

4) തെരുവ് വിളക്ക് പരിപാലന റിപ്പോർട്ട് വാർഡ് മെമ്പർ, മോണിറ്ററിംഗ് കമ്മിറ്റി എന്നിവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.

5) വികസന ഫണ്ടിൽ നിന്ന് 6 ലക്ഷം രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 231/ രൂപയും ഉൾപ്പെടെ ആകെ 6,00,231/- രൂപ അടങ്കൽ വച്ചിട്ടുള്ള ഈ പദ്ധതിയ്ക്ക് ഇതിനു പുറമെ, തനത് ഫണ്ടിൽ നിന്നും എല്ലാ മാസങ്ങളിലും, വാഹന വാടകയും, ഇന്ധന ചാർജ്ജും ക്രമവിരുദ്ധമായി നൽകി വന്നതായി കാണുന്നു.

വിവിധ വൗച്ചറുകൾ പ്രകാരം 01.05.2024 മുതൽ 8,500/- രൂപ നിരക്കിൽ ഇലക്ട്രീഷ്യൻമാരുടെ വാഹന വാടകയിനത്തിൽ 76,500/- രൂപയും പ്രസ്തുത വാഹനത്തിന് ഫ്യൂവൽ ചാർജ്ജിനത്തിൽ 50,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ലഭ്യമാക്കിയിട്ടുള്ള കരാർ ഉടമ്പടി പ്രകാരം (എഗ്രിമെന്റ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. തീയതി 14.06.2024) വാഹന വാടക, ഫ്യൂവൽ ചാർജ്ജ് എന്നിവ പഞ്ചായത്ത് വഹിക്കുമെന്ന് പരാമർശിച്ചിട്ടില്ല. കരാറുകാരുമായി വച്ചിട്ടുള്ള ഉടമ്പടി പ്രകാരം പ്രസ്തുത തുക പഞ്ചായത്ത് ചെലവഴിക്കുമെന്ന് പരാമർശിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി (നം. 47/ തീ.16.10.2025)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ തനത് ഫണ്ടിൽ നിന്ന്, കരാറിന് വിരുദ്ധമായി നൽകിയ 1,26,500/- രൂപ തടസ്സം ചെയ്യുന്നു.

1-25 പഞ്ചായത്തിന്റെ പ്രധാന സ്ഥലങ്ങളിൽ മാലിന്യ നിക്ഷേപം തടയുന്നതിന് CCTV ക്യാമറ സ്ഥാപിക്കൽ - CCTV-കൾ പ്രവർത്തനക്ഷമമല്ല

പദ്ധതിയുടെ പേര്	പഞ്ചായത്തിന്റെ പ്രധാന സ്ഥലങ്ങളിൽ മാലിന്യ നിക്ഷേപം തടയുന്നതിന് CCTV ക്യാമറ സ്ഥാപിക്കൽ (Spill Over)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ	210
അടങ്കൽ	തനത് ഫണ്ട് – രൂ.3,01,752/-
ചെലവ് ബിൽ നം. തീയതി തുക	151/24.07.2024 - രൂ.1,75,000/- 565/21.03.2025 - രൂ.1,26,752/-

പഞ്ചായത്തിന്റെ പ്രധാന സ്ഥലങ്ങളിൽ മാലിന്യ നിക്ഷേപം തടയുന്നതിന് CCTV ക്യാമറ സ്ഥാപിക്കലിനായി ആവിഷ്ക്കരിച്ചിരുന്ന പദ്ധതിയാണിത്. KELTRON-ന്റെ ടാക്സ് ഇൻവോയിസ് നം. 10073/31.03.2023 പ്രകാരം അഞ്ച് സ്ഥലങ്ങളിൽ സി.സി. ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനായി 5,96,496/- രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. കെൽട്രോൺ 31.03.2023ൽ നൽകിയ Kcc/CPG/CR944/22-23/844 നമ്പർ കത്ത് പ്രകാരം 2,98,248/- രൂപ മുൻകൂറായി കൈപ്പറ്റിയിട്ടുണ്ടെന്നും അവശേഷിക്കുന്ന തുകയായ 2,98,248/- രൂപ കൂടി ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. ബിൽ നം. 151/24.07.2024 പ്രകാരം 1,75,000/-രൂപയും ബിൽ നം. 565/21.03.2025 പ്രകാരം 1,26,752/- രൂപയും കെൽട്രോണിന് തൻവർഷം നൽകിയിട്ടുണ്ട്. ആകെ 2,98,248 + 1,26,752 + 1,75,000 = 6,00,000/- രൂപ. കെൽട്രോണിന്റെ ടാക്സ് ഇൻവോയിസ് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന ആകെ തുക 5,96,496/- രൂപ ആയിരിക്കെ 6,00,000/- രൂപ തനത് ഫണ്ടിൽ നിന്ന് പിൻവലിച്ച് ചെലവഴിച്ചതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി നം.16/തീ. 10.10.2025നെ തുടർന്ന് രസീത് നം. R-G010403-25001167 പ്രകാരം 3,504/- രൂപ തനത് ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. എന്നാൽ 16.10.2025ൽ ഓഡിറ്റ് നടത്തിയ സ്ഥല പരിശോധനയിൽ സി.സി.ടി.വി.കൾ പ്രവർത്തിക്കുന്നില്ലായെന്ന് കണ്ടു. ഉചിതമായ നടപടികൾ സ്വീകരിച്ച് സി.സി. ടി.വി.കൾ പ്രവർത്തനക്ഷമമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-26 സകർമ്മ മിനിട്സ് - സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല

1995ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26 പ്രകാരം ഭരണ സമിതി യോഗം പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറിയും പ്രസിഡന്റും ഒപ്പ് വച്ച് സെക്രട്ടറി വായിച്ച ശേഷം, യോഗം തീർന്നാലുടൻ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അംഗീകരിച്ച തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനകം എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്. യോഗ നടപടികുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 3 ദിവസത്തിനകം അദ്ധ്യക്ഷന്റെ അംഗീകാരത്തിന് നൽകേണ്ടതാണ്. ആയത് ലഭിച്ച് 24 മണിക്കുറിനകം പ്രസിഡന്റ്, സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതാണ്. അദ്ധ്യക്ഷൻ അംഗീകരിച്ചാൽ ഉടൻതന്നെ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങി ആയതിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ഭരണതലത്തിൽ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച യോഗ മിനിട്സുകൾ പൊതുജനങ്ങളുടെ അറിവിലേക്ക് നൽകുന്നതിൽ കാലതാമസം ഉണ്ടായിരിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത് കമ്മിറ്റി കൂടിയ തീയതി	മിനിട്സ് സെക്രട്ടറി അംഗീകരിച്ച തീയതി	മിനിട്സ് പ്രസിഡന്റ് അംഗീകരിച്ച തീയതി
20.04.2024	19.09.2024	19.09.2024
14.05.2024	23.09.2024	23.09.2024
12.06.2024	04.10.2024	04.10.2024
28.06.2024	04.10.2024	04.10.2024
08.07.2024	27.09.2024	27.09.2024
30.07.2024	28.01.2025	28.01.2025
12.08.2024	23.09.2024	25.09.2024
27.08.2024	28.01.2025	28.01.2025

12.03.2025	03.07.2025	03.07.2025
27.02.2025	26.06.2025	26.06.2025
13.01.2025	19.06.2025	19.06.2025

ചട്ടപ്രകാരമുള്ള കാലയളവിൽ മിനിട്സ് പ്രസിദ്ധപ്പെടുത്താത്തതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകവയറി നം. (1)ന് യോഗ മിനിട്സുകളുടെ ഡാറ്റാ എൻട്രി പൂർത്തീകരിക്കുന്നതിന് വളരെ സമയം ആവശ്യമായി വരുന്ന സാഹചര്യത്തിലാണ് മിനിട്സ് അപ്രൂവ് ചെയ്യുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളതെന്നും സമയബന്ധിതമായി യോഗ മിനിട്സ് അപ്രൂവ് ചെയ്ത് പൊതുജനങ്ങൾക്ക് യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

1-27 ഒരേ പ്രവൃത്തിയ്ക്ക് രണ്ട് തവണ തുക നൽകി

തനത് ഫണ്ടിൽ നിന്നും വൗച്ചർ നം. 22400125/31.05.2024 പ്രകാരം 14,400/- രൂപ പഞ്ചായത്ത് പരിധിയിലെ വിവിധ സ്ക്കൂളുകളുടെ കിണർ വൃത്തിയാക്കുന്നതിന് മസ്റ്റർ റോൾ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. (വെള്ളുമണ്ണടി കെ.വി. യു.പി.എസ്., പാണയം, മുക്കിടിൽ, നെടുംകൈത, പേരുമല, വെള്ളുമണ്ണടി എൽ.പി.എസ്. എന്നിവിടങ്ങളിലെ കിണർ വൃത്തിയാക്കുന്നതിന് 2,400/- രൂപ നിരക്കിലാണ് (6 X 2400) തുക ചെലവഴിച്ചിട്ടുള്ളത്.) എന്നാൽ വൗച്ചർ നം. 22400124/31.05.2024 പ്രകാരം 2,400/- രൂപ വീണ്ടും വെള്ളുമണ്ണടി കെ.വി. യു.പി.എസ്.-ലെ കിണർ വൃത്തിയാക്കുന്നതിന് നൽകിയിട്ടുണ്ട്. ഒരേ പ്രവൃത്തിക്ക് രണ്ട് തവണ തുക നൽകിയതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകവയറിനം. നം.46/തീ.16.10.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ 2,400/- രൂപ തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-28 എ.ഇ.യുടെ എസ്റ്റിമേറ്റ്, വാല്യൂവേഷൻ എന്നിവ ഇല്ലാതെ തുക ചെലവഴിച്ചു

തനത് ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ എ. ഇ.-യുടെ എസ്റ്റിമേറ്റ്, വാല്യൂവേഷൻ എന്നിവ ഇല്ലാതെ താഴെ പറയുന്ന പ്രവൃത്തികൾക്ക് തുക ചെലവഴിച്ചതായി കാണുന്നു.

1. വൗച്ചർ നം. 22400183/26.06.2024 പ്രകാരം ഗവ. എൽ.പി.എസ്. പാണയത്തിൽ അറ്റകുറ്റപ്പണികൾക്കായി 10,030/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എ. ഇ. യുടെ എസ്റ്റിമേറ്റ്, വാല്യൂവേഷൻ എന്നിവ ലഭ്യമല്ല.

2. വൗച്ചർ നം. 22400834/27.01.2025 പ്രകാരം 19,000/- രൂപ ആട്ടുകാൽ, പേരുമല, മുത്തിപ്പാറ, മാങ്കുഴി വാർഡുകളിലെ റോഡ് സൈഡ് ജെ.സി.ബി. ഉപയോഗിച്ച് വൃത്തിയാക്കിയതിന് ചെലവഴിച്ചിട്ടുണ്ട്. എ.ഇ. യുടെ എസ്റ്റിമേറ്റ്, വാല്യൂവേഷൻ എന്നിവ ലഭ്യമല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകവയറി നം. 46/തീ.16.10.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-29 അനുവദിച്ച കണക്ടഡ് ലോഡിനേക്കാളും കൂടുതൽ കറണ്ട് ഉപയോഗിച്ചു - കെ.എസ്.ഇ.ബി. പിഴ ചുമത്തി

വൗച്ചർ നം. 22401134/29.03.2025 പ്രകാരം (ചെക്ക് നം. 003361/27.03.2025) 86,006/- രൂപ പഞ്ചായത്ത് ഓഫീസിലെ കൺസ്യൂമർ നം. 1145550015213-ൽ രജിസ്ട്രേഡ് കണക്ടഡ് ലോഡിനേക്കാളും കൂടുതൽ ഉപയോഗിച്ചതിനാൽ ഫിക്സഡ് ചാർജ്ജിന്റെ രണ്ട് മടങ്ങ് ഫൈൻ ഇനത്തിൽ KSEB ക്ക് ഒടുക്കിയിട്ടുണ്ട്. അധികമായി ലോഡ് കണക്ട് ചെയ്ത സാഹചര്യം, അപാകത പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകവയറി (നം.46/തീ.16.10.2025)ന് മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

1-30 കർഷക ദിനം ചെലവ് - അനുബന്ധ രേഖയില്ല - 10,000/- രൂപ തടസ്സപ്പെടുത്തുന്നു

തനത് ഫണ്ട് വൗച്ചർ നം. 22400417/തീ.11.09.2024 പ്രകാരം 10,000/- രൂപ കർഷകദിനം ആചരിക്കുന്നതിന് കൃഷിഭവന് നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ചെലവ് രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ്എൻകവയറി (നം. 46/

തീ.16.10.2025) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാക്കുന്നതുവരെ 10,000/- രൂപ തടസ്സം ചെയ്യുന്നു.

1-31 ജൽജീവൻ മിഷൻ പദ്ധതി - അവലോകനം

05.07.2021ലെ 533/2020/Dpo/തിരു./ജെ.ജെ.എം. നമ്പർ കുറിപ്പ് പ്രകാരം സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും 2024-ഓടു കൂടി കുടി വെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് വ്യക്തമാക്കുന്നുണ്ട്.

പ്രസ്തുത കുറിപ്പ് പ്രകാരം ജൽ ജീവൻ മിഷൻ പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെപ്പറയും പ്രകാരമാണ്.

കേന്ദ്ര-സംസ്ഥാന വിഹിതം	50:50
സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം	15%
ഗുണഭോക്തൃവിഹിതം	10%

ഓഡിറ്റ് അന്വേഷണം നം.(6)ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഗ്രാമപഞ്ചായത്ത് ജൽജീവൻ മിഷൻ പദ്ധതിയ്ക്കായി സ്ഥാപന വിഹിതം കൈമാറുകയോ ഗുണഭോക്തൃവിഹിതം കൈമാറുകയോ ചെയ്തിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് സ്ഥാപന വിഹിതം കൈമാറാൻ കഴിയാത്തതെന്നും ഓഡിറ്റ് എൻകെയറി നം. (6)ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണം (നം.6/തീ.06.10.2025)ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഗുണഭോക്തൃ വിഹിതം ഇനത്തിൽ പഞ്ചായത്തിന് നാളിതുവരെ തുകയൊന്നും ലഭിച്ചിട്ടില്ലായെന്നും ജലജീവൻ പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ജലശുദ്ധീകരണ ശാല സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി പനവൂർ, പുല്ലമ്പാറ, വെമ്പായം പഞ്ചായത്തുകൾ ചേർന്ന് 2022-23 വർഷം പ്രോജക്ട് ഏറ്റെടുക്കുകയും 2023-24 വർഷം 12,00,000/- രൂപ വെമ്പായം ഗ്രാമപഞ്ചായത്തിന് കൈമാറുകയും ചെയ്തതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വെമ്പായം പഞ്ചായത്തിൽ ജല ശുദ്ധീകരണശാലയുടെ തുടർ പ്രവർത്തനങ്ങൾ വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ നടന്നു വരുന്നതായും ഓഡിറ്റ് എൻകെയറി നം. (6)ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

ജലജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് നാളിതുവരെ പഞ്ചായത്തിന് 12,00,000/- രൂപ ലഭിച്ചിട്ടുണ്ടെന്നും ലഭിച്ച തുക പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ ഉൾപ്പെടുത്തിയാണ് ചെലവഴിക്കുന്നതെന്നും വാട്ടർ അതോറിറ്റി അടവാക്കിയ തുകയാണ് ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ജലശുദ്ധീകരണ ശാല സ്ഥാപിക്കുന്നതിനുള്ള സ്ഥലം വാങ്ങുന്നതിന് നൽകിയിട്ടുള്ളതെന്നും റോഡിന്റെ പുനരുദ്ധാരണം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് വച്ചാണ് നടപ്പിലാക്കുന്നതെന്നുമാണ് ഓഡിറ്റ് എൻകെയറി നം. (6)ന് മറുപടി ലഭ്യമാക്കിയത്. ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൊളിച്ച മുഴുവൻ റോഡുകളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം ചെയ്തോയെന്ന് മറുപടിയിൽ വ്യക്തമല്ല.

1-32 കരാർ/ ദിവസ വേതന ജീവനക്കാരുടെ നിയമനം

G.O.(P)No. 81/2019/Fin., Dated 09/07/2019 പ്രകാരം കരാർ അടിസ്ഥാനത്തിലുള്ള നിയമനം സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ഒരു വർഷത്തേയ്ക്ക് മാത്രമേ നടത്താവൂയെന്നും പരമാവധി ഒരു വർഷത്തേയ്ക്ക് കൂടി നിയമനം നീട്ടിനൽകാമെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസ വേതന അടിസ്ഥാനത്തിൽ നിയമനം നടത്തേണ്ട സാഹചര്യം വരികയാണെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി വേണമെന്നും അംഗീകൃത തസ്തികകളിൽ പരമാവധി 90 ദിവസത്തേയ്ക്ക നിയമനം നടത്താവൂയെന്നും പരാമർശിച്ചിട്ടുണ്ട്. ഈ കാലാവധിയ്ക്ക് പുറത്ത് ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അംഗീകൃത തസ്തികയാണെങ്കിലും സർക്കാരിന്റെ അനുമതി ആവശ്യമാണെന്ന് പ്രസ്തുത ഉത്തരവിൽ

നിഷ്ക്കർഷിച്ചിട്ടുണ്ട്. പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ കരാർ/ ദിവസ വേതന ജീവനക്കാരുടെ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി നം. (5)ന് പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ 6 കരാർ ജീവനക്കാരും 7 ദിവസ വേതന ജീവനക്കാരും ഉണ്ടെന്നും പ്രസ്തുത ജീവനക്കാരുമായി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരാർ ചമച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കരാർ കാലാവധി കഴിയുമ്പോൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സർവീസ് ബ്രേക്ക് നൽകി മാത്രം കരാർ പുതുക്കാറുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിലവിലുള്ള സർക്കാർ ഉത്തരവിനനുസൃതമായി മാത്രം കരാർ/ ദിവസവേതന ജീവനക്കാരെ നിയമിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-33 പാലിയേറ്റീവ് പരിചരണ പദ്ധതി - നൽകിയ മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമാക്കിയിട്ടില്ല - 992/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പദ്ധതിയുടെ പേര്	പാലിയേറ്റീവ് കെയർ രോഗികൾക്ക് മരുന്നും സഹായ ഉപകരണങ്ങളും നൽകൽ
നിർവ്വഹണോദ്യോഗസ്ഥ	മെഡിക്കൽ ഓഫീസർ
പ്രോജക്ട് നമ്പർ	319/25
അടങ്കൽ	രൂ.2,40,000/- (2,40,000/- ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ്	രൂ.2,40,000/- (240000/- ധനകാര്യ കമ്മീഷൻ അവാർഡ്)
ബിൽ നമ്പർ	619/തീ.28.03.2025, രൂ.2,40,000/-

പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന എല്ലാ കിടപ്പ് രോഗികൾക്കും മാറാവ്യാധി ഉള്ളവർക്കും മരുന്നും സഹായ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതി പ്രകാരം In House Drug Bank-ന് ഇൻവോയിസ് നം. 15624@N/2025/2 (തീയതി 10/02/2025), ഇൻവോയിസ് നം. 15322@N/2025/2 (തീയതി 13/02/2025), ഇൻവോയിസ് നം. 15964@N/2025/3 (തീയതി 28/03/2025) പ്രകാരമുള്ള തുകയായ 2,40,000/- രൂപ (100000+112992+27008) IHDB-യുടെ 30569922130 നമ്പർ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. ഇതിൽ 2,39,008/- രൂപയുടെ മരുന്നുകൾ വാങ്ങിയതിന്റെ ബില്ലുകൾ, സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കി. ബാക്കി ലഭ്യമാക്കാനുള്ള 992/- രൂപയുടെ മരുന്നുകളുടെ ബിൽ, സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ പ്രസ്തുത തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(അവലംബം – ഓഡിറ്റ് അന്വേഷണം നം. 18/10.10.2025)

1-34 മെൻസ്ട്രൽ കപ്പ് വിതരണം - വിതരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല

പദ്ധതിയുടെ പേര്	മൈത്രി-സ്ത്രീകൾക്കുള്ള മെൻസ്ട്രൽ കപ്പ് വിതരണം
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ
പ്രോജക്ട് നമ്പർ	92/25
അടങ്കൽ	രൂ.1,50,000/- (സി.എഫ്.സി. ഫണ്ട്)
ചെലവ്	രൂ.1,34,996/- (സി.എഫ്.സി. ഫണ്ട്)
ബിൽ നം.	408/തീ.17.02.2025

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ "മൈത്രി-സ്ത്രീകൾക്കുള്ള മെൻസ്ട്രൽ കപ്പ് വിതരണം" എന്ന പദ്ധതിയിൽ, 1,34,996/- രൂപ ചെലവഴിച്ച് എച്ച്.എൽ.എൽ. ലൈഫ്കെയർ ലിമിറ്റഡിൽ നിന്നും MDMCP0007, LSR(S) – 75 എണ്ണം, MDMCP0008, LSR(M) – 225 എണ്ണം, MDMCP0009, LSR(L) – 150 എണ്ണം എന്നിങ്ങനെയുള്ള പ്രോഡക്ട് കോഡിലുള്ള മെൻസ്ട്രൽ കപ്പുകൾ (ആകെ 450 എണ്ണം) ഇൻവോയ്സ് നം.9423057494 തീ.29.03.2025 പ്രകാരം വാങ്ങിയതായി കാണുന്നു. ഇവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ, ഗുണഭോക്താക്കൾ ആയവ കൈപ്പറ്റിയ വിവരങ്ങൾ എന്നിവ

പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം നം. 27/തീ.13.10.2025ന് മറുപടിയായി ഉൾപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്ററിന്റെ പകർപ്പുകൾ പ്രകാരം വിവിധ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററുകൾക്കാണ് വിതരണം ചെയ്തിട്ടുള്ളത്. ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററുകളിൽ നിന്ന് മെൻസ്ട്രൽ കപ്പുകൾ ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ വിതരണ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-35 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി - മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമാക്കിയിട്ടില്ല -1,02,075/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പദ്ധതിയുടെ പേര്	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ആയുർവേദം
പ്രോജക്ട് നമ്പർ	29/25
അടങ്കൽ	രൂ.1,50,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)
ചെലവ്	രൂ.1,50,000/-
ബിൽ നം,	412/തീ.18.02.2025

ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോയ്ക്ക് 1,50,000/- രൂപ TR-59(E) പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ 47,925/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമേ ഹോംകോയിൽ നിന്നുള്ള LF-190/തീ.16.05.2025 നം. ടാക്സ് ഇൻവോയ്സ് പ്രകാരം ലഭ്യമായിട്ടുള്ളു. ബാക്കി തുകയായ 1,02,075/- രൂപയ്ക്കുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. ബാലൻസ് തുകയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി നിരന്തരം കത്തിടപാടുകൾ നടത്തി വരികയാണെന്നും ഉടനടി മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ഓഡിറ്റ് അന്വേഷണം നം. 28/തീ.13.10.2025ന് മറുപടി നൽകി. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ നൽകുന്നത് വരെ ലഭ്യമാകാനുള്ള മരുന്നിന്റെ ചെലവായ 1,02,075/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് വിശദാംശം

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയവുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണം നം. 2/തീ.06.10.2025).

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (രൂ.)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (രൂ.)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (രൂ.)	റിമാർക്സ്
15	87,000.00	87,000.00	0	-

*01-04-2024 മുതൽ 31-03-2025നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ. 2024-25 വർഷം 15 ജീവനക്കാരാണ് ആകെ ഉണ്ടായിരുന്നത്. ചില മാസങ്ങളിൽ ജീവനക്കാരുടെ എണ്ണത്തിൽ വ്യത്യാസമുണ്ട് ആയത് കൂടി ഉൾപ്പെടുത്തിയാണ് തുക കണക്കാക്കിയിട്ടുള്ളത്.

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
- ഇല്ല -	- ഇല്ല -	- ഇല്ല -	- ഇല്ല -	- ഇല്ല -	- ഇല്ല -

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
- ഇല്ല -	- ഇല്ല -	- ഇല്ല -	- ഇല്ല -	- ഇല്ല -

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
- ഇല്ല -	- ഇല്ല -	- ഇല്ല -	- ഇല്ല -	- ഇല്ല -	- ഇല്ല -

ഓഡിറ്റ് അന്വേഷണം നം. 2/തീ.06.10.2025 പ്രകാരം 87,000/- രൂപയാണ് തൻ വർഷം മെഡിസെപ്പ് ഇനത്തിൽ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരിൽ നിന്നും ഈടാക്കി അടവാക്കിയിട്ടുള്ളത്. എന്നാൽ 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ട്രയൽ ബാലൻസ് (ഹെഡ് കോഡ് 350200117) പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ് (രൂ.)	വരവ് (രൂ.)	ആകെ (രൂ.)	ചെലവ് (രൂ.)	നീക്കിയിരിപ്പ് (രൂ.)
7,000/-	93,000/-	1,00,000/-	93,000/-	7,000/-

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം.45/24-25, തീ.16.10.2025ന് മറുപടി ലഭ്യമാക്കിയില്ല. തുകയിൽ വ്യത്യാസം വന്നതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്.

4-2 സംയുക്ത പ്രോജക്ട്

വിഹിതം നൽകിയ സ്ഥാപനം	മുന്നിരിപ്പ് (രൂ.)	തൻ വർഷം ലഭിച്ച തുക (രൂ.)	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക (രൂ.)	നീക്കിയിരിപ്പ് (രൂ.)
ബ്ലോക്ക് പഞ്ചായത്ത്	16,21,474	49,875	175/25 സ്നേഹസ്പർശം - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ധനസഹായം	49,875	11,90,891
		1,73,160	36/25 ക്ഷീര സമൃദ്ധി - ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	1,73,160	
		1,02,054	158/25 ക്ഷീര സമൃദ്ധി - ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	1,02,054	
		2,63,100	67/25 സ്നേഹസ്പർശം - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ധനസഹായം	2,63,100	
		5,50,000	159/25 ലൈഫ് ഭവന പദ്ധതി – 2020 - ജനറൽ	5,50,000	
		1,50,000	46/25 ലൈഫ് ഭവന പദ്ധതി – എസ്. സി.	1,50,000	
		4,30,462	291/25 കിണറ്റുമുക്ക് കുന്നിൽ റോഡ് പുനരുദ്ധാരണം	4,30,462	
		4,30,724	304/25 പരിക്കപ്പാറ കടുമാങ്കുഴി റോഡ് പുനരുദ്ധാരണം	4,30,724	
ആകെ	16,21,474	21,49,375		21,49,375	11,90,891
ജില്ലാ പഞ്ചായത്ത്	59,622	5,013	179/25 ഹരിത ഭവനം	5,013	59,622
		33,874	44/25 ഹരിത ഭവനം	33,874	
		9,40,000	46/25 ലൈഫ് ഭവന പദ്ധതി – എസ്. സി.	9,40,000	
		12,342	36/25 ക്ഷീര സമൃദ്ധി - ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	12,342	
		2,63,500	67/25 സ്നേഹസ്പർശം - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ധനസഹായം	2,63,500	
ആകെ	59,622	12,54,729		12,54,729	59,622

ബ്ലോക്ക്പഞ്ചായത്തിന്റെ 2024-25 വർഷത്തെ മുന്നിരിപ്പ് 16,21,474/- രൂപയാണ്, നീക്കിയിരിപ്പ് 11,90,891/- രൂപയാണ് 4,30,583/- രൂപയുടെ വ്യത്യാസം. അപാകം സംബന്ധിച്ച് 1-1-11-ൽ പരാമർശിച്ചിട്ടുണ്ട്.

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവഹണ ഏജൻസി	മുൻ ബാക്കി (രൂ.)	2024-25				
		പ്രോജക്ട് നം., പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക (രൂ.)	ആകെ തുക (രൂ.)	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത്	ബാക്കി തുക
കെ.എസ്.ഇ.ബി	11,11,272	പോസ്റ്റ് ഷിഫ്റ്റിംഗ്	11,152	11,22,424	വിശദാംശം ലഭ്യമല്ല	11,22,424
കേരള വാട്ടർ അതോറിറ്റി	67,69,032	ഇല്ല	ഇല്ല	67,69,032	വിശദാംശം ലഭ്യമല്ല	67,69,032
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	5,83,989	ഇല്ല	ഇല്ല	5,83,989	വിശദാംശം ലഭ്യമല്ല	5,83,989

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– ഇല്ല –

4-5 വായ്പ/വായ്പ തിരിച്ചടവ്

വായ്പ വിവരം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂ.)	തൻവർഷം ലഭിച്ച തുക (രൂ.) (RP -31 പ്രകാരം)	തൻവർഷം തിരിച്ചടച്ച തുക (രൂ.) (സുലേഖ ചെലവ് പത്രിക പ്രകാരം)	തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക (രൂ.) (B-5 ഷെഡ്യൂൾ പ്രകാരം)
KURDFC	8,93,41,155/-	0	77,77,517/-	8,15,63,638/-

4-6 സ്ഥിര നിക്ഷേപങ്ങൾ

– ഇല്ല –

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് വർഷം	ഖണ്ഡിക	രസീത് നമ്പർ	തുക (രൂ.)
2021-22	1-22	1240200324/15, തീ.15.06.2024	99,267.00

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

– ഇല്ല –

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

– ഇല്ല –

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	4,30,77,744.30

ഓഡിറ്റ് വർഷത്തെ ആകെ വരവ്	4,52,51,877.00
ആകെ	8,83,29,621.30
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	5,55,38,648.00
നീക്കിയിരിപ്പ്	3,27,90,973.30
വരവിനങ്ങളിലുള്ള നഷ്ടം	--
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	--
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	2,39,567.00

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂ.)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-24	1,26,500.00	ശ്രീ. സുനിൽ പി., സെക്രട്ടറി
1-30	10,000.00	ശ്രീ. സുനിൽ പി., സെക്രട്ടറി
1-33	992.00	ഡോ. രാഖി വിജയൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
1-35	1,02,075.00	ഡോ. രാഖി വിജയൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. സുനിൽ പി., സെക്രട്ടറി	Retired 0n 31.05.2025	കാർത്തിക, ടോൾ ജംഗ്ഷൻ, അവനവഞ്ചേരി പി. ഒ., ആറ്റിങ്ങൽ
ഡോ. രാഖി വിജയൻ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി	മെഡിക്കൽ ഓഫീസർ പുല്ലമ്പാറ പി.എച്ച്.സി	ദേവപ്രയാഗ്, പെരുംകൂർ, കൊഞ്ചിറ പി. ഒ., വെമ്പായം

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ
2016-17	കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1800/2022 തീയതി. 01.10.2022	3-1, 3-2
2017-18	കെ.എസ്.എ.റ്റി.വി.എം/ജി.പി.10/488/2019 തീയതി. 11.04.2019	08
2018-19	കെ.എസ്.എ.റ്റി.വി.എം/ജി.പി.10/1064/2020 തീയതി. 10.11.2020	14

2019-20	കെ.എസ്.എ.റ്റി.വി.എം/ജി.പി.10/73/2022 തീയതി. 04.03.2022	20
2020-21	കെ.എസ്.എ.റ്റി.വി.എം/ജി.പി.10/905/2022 തീയതി. 23.06.2022	13
2021-22	കെ.എസ്.എ.റ്റി.വി.എം/ജി.പി.13/346/2023 തീയതി. 22.03.2023	16
2022-23	കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1620/2023 തീയതി. 18.12.2023	32
2023-24	കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1959/2024 തീയതി 23.12.2024	52

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 26-07-2025 and submitted on 29-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Pullampara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Pullampara Grama Panchayat as on 31-03-2025

Date: 19/12/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Pullampara Grama Panchayat for the Year 2024-2025.

1.Major Observations

NIL

2.Other Observations

1) The Notes on Accounts under Rule 62-2 (e) and Annual Ratio under Rule 62-2 (f) of the Kerala Panchayat Raj Accounts Rules, 2011 have not been prepared and submitted along with the Annual Financial Statement.

2) Schedule B-1 which exhibit the regulated income and expenditure of panchayath fund has not been made available for audit along with the annual accounts.

3) As per Rule 17 (2) of the Kerala Panchayat Raj Accounts Rules, the monthly demand for each item of income approved by the Grama Panchayat is to be recorded through journal entry. But on checking the ledger of various income,

the demand entry was recorded only at the end of the financial year 2024-25.

4) As per the Kerala Panchayat Raj (Accounts) Rules 58 (4) (a), physical verification and matching of stock is to be done at the end of every year. But at the end of the year 2024-25, the value of Stock in hand (inventories) has not been included in the Balance Sheet B-14 Schedule of the annual financial statement. As per the balance sheet, the stock value is shown as zero.

5) Expenses due for the month of March 2025 including honorarium for members and fuel expenses, have not been disclosed and no provision has been made for the expenses in the balance sheet.

6) The closing balance of Panchayath Distress Relief Fund as per B-2 Schedule of Balance Sheet (Rs.1,30,565/-) does not tally with that of Schedule B-17 and RP-40 (b) of AFS (Rs.1,50,864/-)

7) An amount of Rs.2,550/- is pending remittance to Govt. as per B-9 Schedule 350300103 Government and other Dues Payable- Value added Tax. But the amount pertains to collection towards Forest Development Tax.

8) The details of the amount (Rs.11,62,279/-) journaled as prior period income (Head code-320200104-CFC grant-Basic) has not been furnished to audit. Likewise the details of amount (Rs.59,412/-) journaled as prior period income (Head code-320200113-CFC grant-Tied) also has not been furnished to audit.

9) The income towards profession tax as shown in AFS (Rs.5,78,848/-) differ with that shown in the Register concerned (Rs.5,85,348/-)

10) The amount entered as Capital Working in Progress in B-11 (a) Schedule of AFS differs from the amount as per the Part payment report produced by the Assistant Engineer.

11) An amount of Rs. 4,30,583/- actually expended from own fund for a spillover project is erroneously accounted under Joint venture project (Block Panchayath).

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്